

2018 ഓഗസ്റ്റ് 19
ആലപ്പുഴ ജില്ല

# അദ്ധ്യായം II
# ആസൂത്രണവും ശേഷി വർദ്ധിപ്പിക്കലും

# 2 ആസൂത്രണവും ശേഷി വർദ്ധിപ്പിക്കലും

ദുരന്ത നിവാരണത്തിനുള്ള നടപടികൾ ആസൂത്രണം ചെയ്യുവാനും ഏകോപിപ്പിക്കുവാനും നടപ്പിലാക്കുവാനുമുള്ള നിരന്തരവും സംയോജിതവുമായ പ്രക്രിയ 2005-ൽ പാർലമെന്റ് നടപ്പിലാക്കിയ ദുരന്തനിവാരണ നിയമം (ഡി.എം. ആക്ട്) വിഭാവനം ചെയ്യുന്നു. ഒരു സംസ്ഥാനത്ത് ദുരന്ത നിവാരണത്തിനുള്ള നയങ്ങളും പദ്ധതികളും ആവിഷ്കരിക്കുന്നതിനുള്ള ഉത്തരവാദിത്തം ഒരു സംസ്ഥാന അതോറിറ്റിയ്ക്കായിരിക്കുമെന്ന് ഈ നിയമം അനുശാസിക്കുന്നു. കേരളത്തിൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ രൂപികരണത്തെ തുടർന്ന് 2008 സെപ്റ്റംബറിൽ ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളും രൂപീകരിച്ചു. ലഘൂകരണം, ശേഷി വർദ്ധിപ്പിക്കൽ, മുന്നൊരുക്കങ്ങൾ എന്നിവയ്ക്കായി വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ എടുക്കുന്നതിനും ആവശ്യാനുസരണം മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമുള്ള ചുമതല സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന കെ.എസ്.ഡി.എം.എയ്ക്കാണ്.

### *ആസൂത്രണം*

### 2.1. സംസ്ഥാന ജലനയത്തിലെ പ്രളയ നിവാരണ വ്യവസ്ഥകളുടെ അപര്യാപ്തത

ഭാരത സർക്കാർ 1987-ൽ ഒരു ദേശീയ ജലനയം രൂപപ്പെടുത്തുകയും, 2002-ലും 2012-ലും അത് പരിഷ്കരിക്കുകയും ചെയ്തു. ദേശീയ ജലനയത്തിൽ പ്രളയ നിവാരണ വ്യവസ്ഥകൾ വിഭാവനം ചെയ്യുകയും ഉൾക്കൊള്ളിക്കുകയും ചെയ്തിരുന്നു. ദേശീയ ജലനയം 2002 വിഭാവനം ചെയ്തത് സംസ്ഥാനങ്ങൾ ഓരോ പ്രളയ സാധ്യതാ മേഖലയിലും പ്രളയം നിയന്ത്രിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ട മാസ്റ്റർ പ്ലാൻ ആവിഷ്കരിക്കലും, ജലസംരക്ഷണ പദ്ധതികളിൽ ആവശ്യമായ ഫ്ളഡ് കുഷൻ പ്രദാനം ചെയ്യലും, പ്രളയ സമതലങ്ങളിൽ ജനവാസത്തിനും സാമ്പത്തിക പ്രവർത്തനങ്ങൾക്കും കർശന നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിലൂടെ ജീവനും സ്വത്തിനും വരുന്ന നഷ്ടങ്ങൾ പരിമിതപ്പെടുത്തലുമാണ്. ദേശീയ ജലനയം 2012 ആവശ്യപ്പെടുന്നത് അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖ രൂപപ്പെടുത്തുകയും ഫ്ളഡ് കുഷൻ പ്രദാനം ചെയ്യുകയും പ്രളയകാലത്തുള്ള മണ്ണടിയൽ കുറയ്ക്കാനുമാവുന്നവിധം അത് നടപ്പാക്കലുമാണ്. അടിസ്ഥാനപരമായ ആശങ്കളും തത്വങ്ങളും കൂടാതെ ഒരു ഏകീകൃത ദേശീയ വീക്ഷണകോണും കണക്കിലെടുത്ത് ദേശീയ ജലനയത്തിന് അനുസൃതമായി സംസ്ഥാന ജലനയത്തിന്റെ കരട് തയ്യാറാക്കുക എന്നതാണ് ദേശീയ ജലനയം 2012 വിഭാവനം ചെയ്യുന്നത്.

ജലവിഭവ വകുപ്പ് രൂപം നൽകിയ (2008 ജൂലൈ) കേരള സംസ്ഥാന ജലനയം, ദേശീയ നയത്തിന് വിരുദ്ധമായി സംസ്ഥാനത്തിലെ പ്രളയ നിയന്ത്രണ നടപടിയുടെ വശങ്ങൾ പരിഗണിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഭാരത സർക്കാരിന്റെ ജലനയത്തിൽ ഊന്നൽ നൽകിയിരുന്ന പ്രളയത്തിനുള്ള മുന്നൊരുക്കങ്ങൾ, പ്രവചന മാതൃക [6] യുമായി ബന്ധിപ്പിച്ച തത്സമയ ഡേറ്റ ലഭ്യമാക്കുന്ന സംവിധാനം ഉപയോഗിച്ചുകൊണ്ടുള്ള ആധുനിക രീതിയിലുള്ള പ്രളയ പ്രവചനം, ഫ്ളഡ് കുഷൻ ഉണ്ടാക്കുന്നതിന് വേണ്ടി അണക്കെട്ടുകൾക്ക് പ്രവർത്തനമാർഗ്ഗരേഖ ഉണ്ടാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, പെട്ടെന്നുള്ളതും അപ്രതീക്ഷിതവുമായ പ്രളയത്തെ നേരിടാൻ കൂടുതൽ മുൻകരുതലെടുക്കുക എന്നിവ കേരള സർക്കാർ രൂപീകരിച്ച ജലനയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ, പ്രളയ സമതലങ്ങൾ വേർതിരിക്കാനുള്ള നിയമത്തിന്റെ അഭാവം, ജലാശയങ്ങളിലെ കൈയേറ്റങ്ങൾ,

---

6 ദേശീയ ജലനയം 2002-ലെ 17.2, 17.3, 17.4, 17.5 എന്നീ ഖണ്ഡികകൾ

പ്രളയ പ്രവചന കേന്ദ്രങ്ങളുടെ അഭാവം, ഏക്കൽ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളുടെ അപര്യാപ്തത എന്നിവ ശ്രദ്ധയിൽപ്പെട്ടു [7]. സംസ്ഥാന ജലനയത്തിൽ പ്രളയ നിയന്ത്രണ നടപടികളുടെ ഘടകങ്ങൾ ഉൾപ്പെടുത്താത്തത് പ്രളയ നിവാരണ വിഷയങ്ങൾക്ക് നൽകുന്ന താരതമ്യേന കുറഞ്ഞ മുൻഗണനയെ സൂചിപ്പിക്കുന്നു. അടുത്തകാലം വരെ കേരളം പ്രളയബാധിത സംസ്ഥാനമായി കണക്കാക്കപ്പെടാതിരുന്നതാകാം ഇതിനുള്ള കാരണം.

2008–ലെ സംസ്ഥാന ജലനയത്തിൽ പ്രളയം കൈകാര്യം ചെയ്യുന്നതും പ്രവചനവും വ്യക്തമായി ഉൾക്കൊള്ളിച്ചിരുന്നില്ലെങ്കിലും മുൻകാലങ്ങളിൽ പ്രളയ മുന്നൊരുക്കത്തിനും പ്രവചനത്തിനും വകുപ്പ് ഊന്നൽ നൽകുകയും 131 റെയിൻ ഗേജുകളും 54 റിവർ ഗേജ് സ്റ്റേഷനുകളും പൂർണ്ണമായും സ്വയം പ്രവർത്തിക്കുന്ന ഒൻപത് കാലാവസ്ഥാ കേന്ദ്രങ്ങളും 2018–ലെ പ്രളയങ്ങൾക്ക് മുമ്പ് തന്നെ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്ന് ജലവിഭവ വകുപ്പ് മറുപടി നൽകി (2020 നവംബർ, 2021 ഏപ്രിൽ). അഭൂതപൂർവ്വവും ശക്തവുമായ മഴമൂലം ഉണ്ടായ 2018–ലെ പ്രളയത്തിന് സമാനമായ ദുരന്തങ്ങളെ നിയന്ത്രണാധീനമാക്കുവാൻ സംസ്ഥാനത്തെ സജ്ജമാക്കുന്നതിനായി 2018–ലെ പ്രളയങ്ങൾക്കു ശേഷം, നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനു കീഴിൽ മുഴുവൻ നദീതടങ്ങളിലും പൂർണ്ണസജ്ജമായ നീരൊഴുക്ക് പ്രവചന സംവിധാനവും, പ്രളയ മുന്നറിയിപ്പ് സംവിധാനവും വികസിപ്പിക്കാനും ടിപ്പിങ്ങ് ബക്കറ്റ് റെയിൻ ഗേജ് (99 എണ്ണം), റഡാർ ലെവൽ സെൻസർ (56 എണ്ണം), സ്വയം പ്രവർത്തിക്കുന്ന കാലാവസ്ഥ കേന്ദ്രങ്ങൾ (13 എണ്ണം) തുടങ്ങിയവ വിന്യസിച്ച് അതിലൂടെ തൽസമയ മേൽനോട്ടം നിർവ്വഹിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജലവിഭവവുമായി ബന്ധപ്പെട്ട വിവര ശേഖരണത്തിന് കേരള ജലവിഭവ വിവര സംവിധാനം എന്ന പേരിൽ ഒരു ഏകീകൃത ആധികാരിക പ്ലാറ്റ് ഫോം വികസിപ്പിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രളയ പ്രവചനത്തിനായി സർക്കാരിന് പ്രവർത്തനപരമായ ഒരു സംവിധാനം ഉണ്ടെന്നും, 2018–ലെ പ്രളയ കെടുതികൾക്ക് ശേഷം, തൽസമയ പ്രളയ പ്രവചനത്തിനുള്ള നടപടികൾ സർക്കാർ വളരെ പെട്ടെന്ന് സ്വീകരിച്ചിട്ടുണ്ടെന്നുമാണ് ഈ വസ്തുതകൾ സൂചിപ്പിക്കുന്നത് എന്ന് വകുപ്പ് പ്രസ്താവിച്ചു. പുതുക്കിയ ജലനയത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനായി 2017 നവംബറിൽ ഒരു ഡ്രാഫ്റ്റിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെന്നും, 2021 ജനുവരിയിൽ അത് പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നും ഭേദഗതി ചെയ്ത കരട് ജലനയം 2021 ഏപ്രിൽ 5–ന് സമർപ്പിച്ചിട്ടുണ്ടെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. സംസ്ഥാന തല ആവശ്യങ്ങൾ അടിസ്ഥാനമാക്കി പ്രളയ നിയന്ത്രണ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് പരിഷ്ക്കരിച്ച സംസ്ഥാന ജലനയം പുതിയ സർക്കാർ അധികാരത്തിൽ വന്ന ഉടനെ പ്രഖ്യാപിക്കുമെന്നും മറുപടി നല്കി.

വകുപ്പുതല പ്രതികരണം സംസ്ഥാന ജലനയത്തിലെ വ്യവസ്ഥകളുടെ അപര്യാപ്തത പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളെ സാധൂകരിക്കുന്നതാണ്.

***ശുപാർശ 2.1: ദേശീയ ജലനയത്തിനനുസൃതമായി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രളയ നിയന്ത്രണവുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന ജലനയത്തിന്റെ പരിഷ്ക്കരണം കേരളസർക്കാർ പരിഗണിക്കേണ്ടതാണ്.***

## 2.2. ജലവിഭവ വികസനത്തിനും നിർവ്വഹണത്തിനും വേണ്ടി സംസ്ഥാനതല മാസ്റ്റർ പ്ലാൻ തയ്യാറാക്കാത്തത്

സംസ്ഥാന ജലനയം (എസ്.ഡബ്ല്യൂ.പി) 2008 പ്രകാരം ചെറു നീർത്തടങ്ങളെ അടിസ്ഥാനയൂണിറ്റായും നദീതടങ്ങളെ ചെറു നീർത്തടങ്ങളുടെ ഒരു സംയോജിതരൂപവുമായുമാണ് പരിഗണിക്കുന്നത്. ഓരോ ചെറുനീർത്തടങ്ങൾ, ഉപനദീതടങ്ങൾ, നദീതടങ്ങൾ എന്നിവിടങ്ങളിലെ തൽസ്ഥിതിയും പ്രവർത്തനപദ്ധതികളും ശ്രേണീ ക്രമത്തിൽ സമാഹരിച്ച് ജലവിഭവ വികസനത്തിനും നിർവ്വഹണത്തിനുമായി സംസ്ഥാനതല മാസ്റ്റർ പ്ലാൻ

[7] ഈ റിപ്പോർട്ടിലെ 2.3, 3.3, 3.7 എന്നീ ഖണ്ഡികകളും **അനുബന്ധം 2.1**–ഉം

തയ്യാറാക്കുക എന്നതാണ് സംസ്ഥാന ജലനയം വിഭാവനം ചെയ്യുന്നത്. കൂടാതെ സംസ്ഥാനത്തെ പ്രധാന നദികൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതും അത് ഏതൊരു നദീ-അധിഷ്ഠിത പദ്ധതിയുടെയും അടിസ്ഥാനമാകേണ്ടതുമാണ്. നദീതടവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിവർ അതോറിറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ഭാരത സർക്കാരിന്റെ ദേശീയ പ്രളയ കമ്മീഷൻ 1980 മാർച്ചിലെ റിപ്പോർട്ടിൽ, താൽക്കാലിക അടിസ്ഥാനത്തിൽ പ്രളയ പദ്ധതികൾ ഏറ്റെടുക്കുന്ന രീതി അശാസ്ത്രീയമാണെന്ന് നിരീക്ഷിക്കുകയും നടപ്പിലാക്കേണ്ട പദ്ധതികളുടെ മുൻഗണന സൂചിപ്പിക്കുന്നതിന് നദീതടം തിരിച്ചുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതിന്റെ അടിയന്തിര ആവശ്യകത മനസ്സിലാക്കുകയും ചെയ്തിരുന്നു.

സംസ്ഥാനതല റിവർ മാനേജ്മെന്റ് അതോറിറ്റി ഇനിയും രൂപീകൃതമായിട്ടില്ല എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. വിവിധ നിർവ്വഹണ ഏജൻസികളുടെ ഏകോപനവും, ഏറ്റെടുത്ത പ്രവൃത്തികളുടെ മുൻഗണനാക്രമത്തിന്റെ മേൽനോട്ടവും ഉറപ്പുവരുത്താൻ ഉതകുന്ന ഒരു സ്ഥാപന സംവിധാനത്തിന്റെ അഭാവമാണ് റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാത്തതിനാൽ ഉണ്ടാകുന്നത്. മുൻഗണനാപ്രകാരം ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മേൽനോട്ടം സംസ്ഥാനതല റിവർമാനേജ്മെന്റ് അതോറിറ്റി വഹിച്ചിരുന്നെങ്കിൽ 2018-ലെ പ്രളയത്തിൽ വിമാനത്താവളവും സമീപപ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിയത് തടയാമായിരുന്നു എന്നതിന്റെ ഉദാഹരണമാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ കനാൽ പ്രവൃത്തികൾ (ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.3 കാണുക).

2014-19 കാലയളവിൽ കേരള സംസ്ഥാന ജലസേചന വകുപ്പ് ₹178.99 കോടി പ്രളയ നിയന്ത്രണ/ ലഘൂകരണ പ്രവൃത്തികൾക്കായ് ചെലവഴിച്ചു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. അതിൽ ₹55.17 കോടിയുടെ 273 പ്രവൃത്തികൾ ഓഡിറ്റ് പരിശോധനയ്ക്കായി തിരഞ്ഞെടുത്ത, തൃശ്ശൂർ, ഇടുക്കി, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലാണ്. ഇതുകൂടാതെ, റിവർ മാനേജ്മെന്റ് ഫണ്ട് (ആർ.എം.എഫ്), അടൽ മിഷൻ ഫോർ റിജ്യുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതി, കുട്ടനാട് വികസന പദ്ധതി, പ്രോജക്ട് മാനേജ്മെന്റ് പ്രവൃത്തികൾ എന്നീ പദ്ധതികൾക്ക് കീഴിലും ഇത്തരം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളൊക്കെ പ്രളയ നിവാരണത്തിനുള്ള സമഗ്ര പദ്ധതികളുമായി ബന്ധപ്പെടുത്താതെ വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ തദ്ദേശവാസികളുടെയും, ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഏറ്റെടുത്ത് നടത്തിയത്. ഓഡിറ്റ് പരിശോധന നടത്തിയ നാല് ജില്ലകളിലും ഏറ്റെടുക്കേണ്ട പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് പ്രളയ സാധ്യത/ ദുർബല മേഖലകൾ കണ്ടെത്താൻ ആവശ്യമായ സർവ്വേകളോ വിശദമായ പരിശോധനകളോ നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

ചാലിയാർ പുഴ [8] കൂടാതെ, ഭാരതപുഴയുടെ അഞ്ച് പോഷകനദികളിൽ രണ്ടെണ്ണത്തിന്റെയും [9] മാസ്റ്റർ പ്ലാൻ പൂർത്തീകരിച്ചതായി കേരള സർക്കാർ ഓഡിറ്റിനെ അറിയിച്ചു (2020 മാർച്ച്). അതായത് സംസ്ഥാന ജലനയത്തിൽ വിഭാവനം ചെയ്തിരുന്നെങ്കിലും 44 പുഴകളിൽ 42 എണ്ണത്തിനുള്ള മാസ്റ്റർ പ്ലാൻ ഇനിയും തയ്യാറാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ പ്രധാന നദികൾക്ക് വേണ്ടിയുള്ള മാസ്റ്റർ പ്ലാനുകളുടെ ലഭ്യതയില്ലായ്മ, താൽക്കാലിക അടിസ്ഥാനത്തിൽ പ്രളയ നിയന്ത്രണ പ്രവൃത്തികൾ ഉൾപ്പെടുത്താനുള്ള സാധ്യതയെ ആണ് സൂചിപ്പിക്കുന്നത്.

പരമ്പരാഗത ജലാശയങ്ങളായ കുളങ്ങൾ, തടാകങ്ങൾ, അരുവികൾ, ഉറവകൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ചെറുനീർത്തട പദ്ധതികൾ പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ ഹരിത കേരള മിഷൻ എന്ന സംരംഭത്തിലൂടെ തയ്യാറാക്കിയതായി കേരള സർക്കാർ പറഞ്ഞു (2020 മാർച്ച്). എന്നിരുന്നാലും സംസ്ഥാന ജലനയത്തിൽ വിഭാവനം ചെയ്ത പോലെ ജലവിഭവ വികസനത്തിനും

---

[8] 44 പ്രധാന പുഴകളിൽ ഒന്ന്

[9] ഗായത്രി പുഴയും തൂതപുഴയും

പരിപാലനത്തിനുമായി സംസ്ഥാനതല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ഒരു വസ്തുതയായി ബാക്കി നിൽക്കുന്നു.

റിവർബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ പൂർത്തിയായെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2021 ഫെബ്രുവരി) ജലവിഭവ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി പ്രസ്താവിച്ചു. മാതൃകാ പെരുമാറ്റ ചട്ടത്തിന്റെ കാലാവധി അവസാനിച്ചു കഴിഞ്ഞാൽ ഉടനെ കരട് ബിൽ, ഓർഡിനൻസായി പാസ്സാക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട് (2021 ഏപ്രിൽ). സംസ്ഥാന ജലനയം 2008 പ്രകാരം ജലവിഭവ വികസനത്തിനും പരിപാലനത്തിനുമുള്ള സംസ്ഥാനതല മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ അനുബന്ധ വകുപ്പുകളുമായി ചേർന്നുള്ള സംയുക്ത സംരംഭമാണ്. ഇതിന്റെ രൂപീകരണം നഗര ഗ്രാമ ആസൂത്രണ വകുപ്പിന് കീഴിൽ പുരോഗമിക്കുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന നദികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ, പ്രളയത്തിന് സാധ്യത കൂടുതലുള്ളതും ജനസാന്ദ്രതാ മേഖലയിലൂടെ ഒഴുകുന്നതുമായ പെരിയാർ, ചാലക്കുടി, പമ്പ, മീനച്ചിൽ, മൂവാറ്റുപുഴ, കരമന, ഭാരതപ്പുഴ, ചാലിയാർ എന്നീ പുഴകൾക്ക് മുൻഗണന കൊടുക്കുന്നതാണ്.

***ശുപാർശ 2.2: ജലവിഭവ വികസനത്തിനും പരിപാലനത്തിനുമായുള്ള സംസ്ഥാനതല മാസ്റ്റർ പ്ലാൻ രൂപീകരിക്കൽ, പ്രധാന നദികൾക്കായുള്ള മാസ്റ്റർപ്ലാൻ രൂപീകരിക്കൽ, കൂടാതെ നദീതട തലത്തിൽ ജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിക്കുന്നതിനായി സംസ്ഥാനതല അതോറിറ്റി രൂപീകരിയ്ക്കൽ തുടങ്ങിയ കേരള സംസ്ഥാന ജലനയത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 2.3. സംസ്ഥാനത്ത് പ്രളയ സമതലങ്ങൾ കണ്ടെത്തുന്നതിനും വേർതിരിക്കുന്നതിനുമായി നിയമ നിർമ്മാണം നടത്താത്തത്

പ്രളയ സമതല പരിപാലനത്തിൽ പ്രളയ സമതല മേഖല തിരിക്കൽ എന്നത് ഒരു പ്രധാന ആശയം ആണ്. ഒരു നദിയുടെ പ്രളയ സമതലം എന്നത് നിശ്ചയമായും അതിന്റെ വിസ്താര മണ്ഡലമാണെന്നും ഏതെങ്കിലും വിധത്തിലുള്ള കടന്നു കയറ്റമോ അതിലുള്ള വികസനപ്രക്രിയയോ നദിയുടെ 'പാതാവകാശം'[10] അംഗീകരിച്ചു കൊണ്ടായിരിക്കണമെന്നുമുള്ള വസ്തുത ഈ ആശയം സമർത്ഥിക്കുന്നു. വ്യത്യസ്ത വ്യാപ്തിയിലും ആവൃത്തിയിലും സാധ്യതാ തലങ്ങളിലും ആയി പ്രളയ സാധ്യതയുള്ള മേഖലകളും പ്രദേശങ്ങളും അടയാളപ്പെടുത്താനുള്ള നടപടികളാണ് പ്രളയ സമതല മേഖല തിരിക്കൽ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നത്. ഈ മേഖലകളിൽ അനുവദനീയമായ വികസന പ്രവർത്തനങ്ങളുടെ ഇനങ്ങൾ നിഷ്കർഷിക്കുക വഴി, യഥാർത്ഥത്തിൽ പ്രളയം ഉണ്ടാകുമ്പോൾ, നാശനഷ്ടങ്ങൾ ഒഴിവാക്കാൻ സാധിച്ചില്ലെങ്കിലും ലഘൂകരിക്കാൻ സാധിക്കുന്നു. പ്രളയ സമതല മേഖല തിരിക്കലിനായുള്ള നിയമനിർമ്മാണത്തിന്റെ ഒരു മാതൃകാ കരട് ബിൽ 1975-ൽ കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കും നൽകിയിരുന്നു. പ്രളയ സമതല മേഖല തിരിക്കലിനായുള്ള ഒരു അതോറിറ്റി രൂപീകരിക്കൽ, പ്രളയ സമതലങ്ങളുടെ സർവ്വേ, ഈ പ്രദേശങ്ങളുടെ ഉപയോഗത്തിനുള്ള നിരോധനം അല്ലെങ്കിൽ നിയന്ത്രണം എന്നിവ നിർദ്ദിഷ്ട നിയമനിർമ്മാണം വിഭാവനം ചെയ്തിരുന്നു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ (എൻ.ഡി.എം.എ) പ്രളയ നിവാരണത്തെ സംബന്ധിച്ച മാർഗ്ഗരേഖയിലും പ്രളയ സമതല മേഖല തിരിക്കലുമായി ബന്ധപ്പെട്ട് അതിന്റെ നടപ്പാക്കലും നിയന്ത്രണവും സംബന്ധിച്ച ഒരു ഭാഗം ഉണ്ട്.

കേരള സംസ്ഥാനം പ്രളയ സമതല മേഖല തിരിക്കലിനായുള്ള നിയമ നിർമ്മാണം നടത്തുകയോ സംസ്ഥാനത്തെ സമതലങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രളയ സമതലങ്ങൾ കണ്ടെത്തുന്നതിനും വേർതിരിക്കുന്നതിനുമുള്ള

[10] പ്രളയ നിയന്ത്രണത്തെക്കുറിച്ചും പ്രത്യേക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചും പന്ത്രണ്ടാമത് പ്ലാനിലേയ്ക്കായി (2011) ഭാരത സർക്കാരിന്റെ ആസൂത്രണ കമ്മീഷൻ പുറത്തിറക്കിയ റിപ്പോർട്ട്

ഉദ്യമം ഏറ്റെടുത്തിരുന്നെങ്കിൽ കേരള സർക്കാരിനെ അവരുടെ പ്രളയനിയന്ത്രണ പ്രവർത്തനങ്ങളിൽ അത് സഹായിക്കുമായിരുന്നു.

കേരളത്തിൽ പ്രളയ സമതല മേഖല തിരിക്കലിനായുള്ള നിയമ നിർമ്മാണം നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകളും പരിമിതികളും കേന്ദ്ര ജലവിഭവ, ഗംഗാ പുനരുജ്ജീവന മന്ത്രാലയത്തെ കേരള സർക്കാർ അറിയിച്ചതായി (2013) ജല വിഭവ വകുപ്പ് മറുപടി നൽകി (2020 നവംബർ). നിയമനിർമ്മാണം നടപ്പിലാക്കിയ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ഭൂപ്രകൃതി സവിശേഷമാണെന്നും അതിൽ കൂട്ടിച്ചേർത്തിരുന്നു.

എന്നാൽ, പ്രളയ മേഖല തിരിക്കലുമായി ബന്ധപ്പെട്ട നിയമ നിർമ്മാണം നടത്തുന്നതിന് വെല്ലുവിളികൾ ഉണ്ടാകാമെങ്കിലും 44 പ്രധാന നദികളുമായി ബന്ധപ്പെട്ട പ്രളയ സമതല മേഖലകൾ നിർണ്ണയിക്കുന്നതിനും നഗരവൽക്കരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായുള്ള തലം നിർണ്ണയിക്കുന്നതിനുമുള്ള നടപടി തുടങ്ങുന്നതിന് അത് ഒരു പരിപൂർണ്ണ തടസം ആകരുത് എന്ന് ഓഡിറ്റ് വിലയിരുത്തി. എൻ.ഡി.എം.എ മാർഗ്ഗരേഖ അനുസരിച്ചും നദികളിൽ പ്രളയം ഉണ്ടായാൽ നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് പ്രളയ സമതലത്തിന്റെ മേഖല തിരിക്കൽ അത്യാവശ്യമാണ്. 2016-ലെ കേരള സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ പ്രകാരം പ്രളയ സമതലങ്ങൾ പ്രളയ സാധ്യതയുള്ളതും അവയിലെ വികസന പ്രവർത്തനങ്ങൾ സ്വീകാര്യമായ തലം കവിയുന്നുവെങ്കിൽ അവ അപകടകരവുമാണ്. സംസ്ഥാനത്തെ പ്രളയ നാശനഷ്ടങ്ങൾക്ക് പ്രധാനകാരണം പ്രളയ സമതലങ്ങളിലെ പുനർവിനിയോഗവും കുടിയേറ്റവുമാണെന്നും ഇതിൽ പ്രസ്താവിക്കുന്നു. കൂടാതെ, **അനുബന്ധം 2.1**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ ഓഡിറ്റ് നടന്ന സമയത്ത് തെരഞ്ഞെടുത്ത ജില്ലകളിലെ 913 ജലാശയങ്ങളിൽമേലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാനത്തെ പ്രളയ സമതല മേഖലകൾ കണ്ടെത്തുന്നതിനും വേർതിരിക്കുന്നതിനും വേണ്ടിയുള്ള നിയമനിർമ്മാണം ആ മേഖലകളിലെ കയ്യേറ്റ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് സജീവമായ നടപടികൾ കൈക്കൊള്ളാൻ സർക്കാരിനെ പ്രാപ്തമാക്കും.

2016 ഡിസംബർ വരെ ഇന്ത്യയിൽ മണിപ്പൂർ, രാജസ്ഥാൻ, ഉത്തരാഖണ്ഡ് എന്നീ മൂന്ന് സംസ്ഥാനങ്ങൾ മാത്രമാണ് നിയമനിർമ്മാണം നടത്തിയതെന്ന് വകുപ്പ് മറുപടി നല്കി (2021 ഏപ്രിൽ). സിന്ധു-ഗംഗാ സമതലത്തിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി 2018-ലെ പ്രളയം വരെ കേരളം ഒരു വലിയ പ്രളയ സാധ്യതയുള്ള സംസ്ഥാനമായി കണക്കാക്കപ്പെട്ടിരുന്നില്ല. ഗംഗ, യമുന, ബ്രഹ്മപുത്ര നദീതടങ്ങളിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങൾ പ്രളയ സമതല മേഖല വേർതിരിയ്ക്കുന്ന ബിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. പ്രളയ സമതല മേഖല വേർതിരിയ്ക്കുന്നതിന് സ്ഥാപനപരമായ പിന്തുണയും വകുപ്പുകൾ തമ്മിലുള്ള ഏകോപനവും ആവശ്യമാണ്. കേരളത്തിന് നിമ്നോന്നത ഭൂപ്രകൃതിയും ഉയർന്ന ജനസാന്ദ്രതയുമുണ്ടെങ്കിലും പ്രളയം തടയുന്നതിനുള്ള സുപ്രധാന സംഗതിയാണിതെന്ന് സർക്കാർ തിരിച്ചറിയുന്നു. പുതിയ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രളയ സമതല മേഖല തിരിയ്ക്കൽ ബിൽ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതാണ്.

പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാന മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയ 1986-ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിന് കീഴിലെ 2016-ലെ കരട് റിവർ റെഗുലേഷൻ സോൺ വിജ്ഞാപനത്തിൽ നദികളിലെയും പ്രളയ സമതലങ്ങളിലെയും കൈയ്യേറ്റം തടയേണ്ടതിന്റെ ആവശ്യകത വീണ്ടും ഊന്നിപ്പറഞ്ഞിരുന്നതായി ഓഡിറ്റ് ശ്രദ്ധിച്ചു. റിവർ സ്ട്രെച്ചുകളെയും പ്രളയ സമതലമേഖകളെയും നദീ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കണമെന്നും ഇത്തരം മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നിരോധിക്കുകയോ നിയന്ത്രിക്കുകയോ വേണമെന്നും വിജ്ഞാപനം നിർദ്ദേശിക്കുന്നു. കൂടാതെ, മേഖലയ്ക്കുള്ളിൽ വേലിയേറ്റ സ്വാധീനമുണ്ടാവണമെന്ന നിബന്ധനയ്ക്കു വിധേയമായി നദികൾക്കു സമാന്തരമായി കരയോരത്ത് ഹൈറ്റൈഡ് ലൈനിൽ

നിന്നും 50 മീറ്റർ[11] വരെ തീരദേശ നിയന്ത്രണ മേഖലയ്ക്കുള്ളിൽപ്പെടുമെന്നും മേൽപ്പറഞ്ഞ നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് നിയന്ത്രിക്കപ്പെടുമെന്നും 2011 ജനുവരിയിലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം (2019-ലെ ഭേദഗതി അനുസരിച്ച്) വിഭാവനം ചെയ്യുന്നുണ്ടെങ്കിലും ചില ജില്ലകളിലെ കുറച്ച് നദികളുടെ/നദീ സ്ട്രെച്ചുകളുടെ പ്രളയ സമതലങ്ങൾ മാത്രമേ സി ആർ മേഖലകളിൽ ഉൾപ്പെടുകയുള്ളൂവെന്നതിനാൽ കൈയ്യേറ്റങ്ങൾ പരിശോധിക്കാൻ ഇത് പര്യാപതമായിരിക്കില്ല.

പ്രളയ സമതലങ്ങളും നദീതടങ്ങളും കനത്ത മഴയോ നദികളുടെ കവിഞ്ഞൊഴുക്കോ ആഗിരണം ചെയ്യുകയും വിപരീതഫലങ്ങൾ ലഘൂകരിക്കാൻ സഹായിക്കുകയും ചെയ്യുന്ന സ്വാഭാവിക സവിശേഷതകളാണ്. അതിനാൽ നിയന്ത്രണാതീതമായ നിർമ്മാണപ്രവർത്തനങ്ങളും കൈയ്യേറ്റങ്ങളും അനുവദിക്കുന്നത്, പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ യുഗത്തിൽ, അത്യന്തം ഹ്രസ്വവീക്ഷണമായേക്കാം. ഒരോ സീസണിലും വികസിക്കാനും ശോഷിക്കാനുമുള്ള നദിയുടെ അവകാശം തിരിച്ചറിയുന്നത് സുപ്രധാനമാണ്. പ്രളയസമതല മേഖലാ നിയമ നിർമ്മാണം/ നിയന്ത്രണങ്ങൾ കേരളം പോലെ ജനസാന്ദ്രതയേറിയ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിന് പ്രായോഗിക വൈഷമ്യങ്ങൾ ഉണ്ടെന്നിരിക്കിലും കർമ്മോൽസുകരായ തൽപരകക്ഷികളെ നിയോഗിച്ച് റെഗുലേറ്ററി ചട്ടക്കൂടിൽ വിടവുകൾ നിലനിൽക്കുന്നില്ലായെന്ന് സർക്കാർ ഉറപ്പു വരുത്തേണ്ടതാണ്.

***ശുപാർശ 2.3: പ്രളയ സമതല മേഖലകൾ വേർതിരിക്കുന്നതിനായി നിയമനിർമ്മാണം/ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനും സംസ്ഥാനത്തെ പ്രളയ സമതല മേഖലകൾ കണ്ടെത്തുന്നതിനും പ്രസ്തുത പ്രദേശങ്ങളുടെ ഉപയോഗം നിരോധിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള ഒരു അതോറിറ്റി രൂപീകരിക്കുന്നതിനും വേണ്ട നടപടികൾ കേരള സർക്കാർ സ്വീകരിക്കേണ്ടതാണ്.***

## 2.4. മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടാത്ത ഫ്ളഡ് ഹസാർഡ് മാപ്പ്

പ്രളയ സാധ്യതാ പ്രദേശങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നതിനും അപകട ലഘൂകരണത്തിനും പ്രതിരോധ ശ്രമങ്ങൾക്ക് മുൻഗണന നൽകുന്നതിനുമുള്ള ഒരു സുപ്രധാന ഘടകമാണ് ഫ്ളഡ് ഹസാർഡ് മാപ്പിംഗ്[12].

ഭാരതത്തിലെ പ്രളയ സാധ്യതാ പ്രദേശങ്ങൾ ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിന് ഭാരത സർക്കാർ രൂപീകരിച്ച[13] ഒരു വിദഗ്ദ്ധ സമിതി, പത്ത് വർഷത്തിൽ പ്രളയം ആവർത്തിക്കുന്ന പ്രദേശങ്ങൾ, അതായത് പ്രളയം ആവർത്തിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളാണ് പ്രളയ സാധ്യതാ പ്രദേശങ്ങൾ എന്ന് നിർവ്വചിച്ചു. കൂടാതെ പ്രളയം ആവർത്തിക്കുന്ന കാലയളവ് പ്രളയ പ്രദേശങ്ങളെ തരംതിരിക്കുന്ന മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണെന്ന് ഊന്നിപ്പറയുകയും ചെയ്തിരുന്നു. പ്രളയ സാധ്യതാ പ്രദേശങ്ങളെ കടുത്തത്, മിതമായത്, സാധാരണ എന്നിങ്ങനെയാണ് തുടക്കത്തിൽ തരം തിരിച്ചിരുന്നത്. ഈ പ്രദേശങ്ങളെ ഈ വിധത്തിൽ തിരിച്ചറിയുന്നതിന് രീതിശാസ്ത്രവും വിദഗ്ദ്ധ സമിതി വിശദമാക്കുന്നുണ്ട്. വിദഗ്ദ്ധ സമിതി നിശ്ചയിക്കുന്ന രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനവും ഒരു പ്രാദേശിക സമിതി രൂപീകരിക്കണമെന്നും ഈ സമിതിയ്ക്ക് മറ്റ് കാര്യങ്ങൾക്കൊപ്പം സംസ്ഥാനത്തിന്റെ പ്രളയ സാധ്യതാ പ്രദേശങ്ങൾ രേഖപ്പെടുത്തുന്ന കാര്യത്തിൽ ഉത്തരവാദിത്തമുണ്ടായിരിക്കണമെന്നും വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തു. വിദഗ്ദ്ധ സമിതി നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. ഭാരത സർക്കാരിന്റെ ശുപാർശകൾക്കനുസൃതമായി കേരളത്തിലെ പ്രളയ സാധ്യതാ പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും

---

11 2019 ജനുവരി 17 വരെ 100 മീറ്റർ

12 ഉറവിടം: ഭാരത സർക്കാരിന്റെ നാഷണൽ റിമോട്ട് സെൻസിംഗ് സെന്റർ തയ്യാറാക്കിയ ഒഡീഷയുടെ പ്രളയ അപകട സാധ്യതാ ഭൂപട പുസ്തകം

13 ജല വിഭവ മന്ത്രാലയം, കേന്ദ്ര ജലകമ്മീഷൻ

തരംതിരിക്കുന്നതിനുമായി കേരള സർക്കാർ ഒരു പ്രാദേശിക സമിതി രൂപവൽക്കരിച്ചു[14] (2014 ഒക്ടോബർ).

2005-ലെ ദുരന്തനിവാരണ നിയമത്തിന് കീഴിൽ എസ്.ഇ.സിയുടെയും കെ.എസ്.ഡി.എം.എയുടെയും അംഗീകാരത്തോടെ (2016 സെപ്റ്റംബർ) സദാ പരിഷ്കൃതമാകേണ്ട ഒരു രേഖ എന്ന നിലയിൽ കേരള സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ രൂപീകരിച്ചു. കേരള സർക്കാർ അംഗീകരിച്ച്, കേരള സംസ്ഥാന ദുരന്തനിവാരണ പ്ലാൻ 2016-ൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂപടം കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (എൻ.സി.ഇ.എസ്.എസ്)[15] 1:50,000 എന്ന തോതിൽ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയതാണെന്ന് (2010) ഓഡിറ്റ് കണ്ടെത്തി. പ്രളയത്തിന്റെ ആവർത്തന കാലാവധിയെ പ്രളയ സാധ്യതാ പ്രദേശങ്ങൾ നിർണ്ണയിക്കാനുള്ള മാനദണ്ഡമായി കേന്ദ്ര ജല കമ്മീഷൻ (സി.ഡബ്ല്യൂ.സി) 2013 ജൂണിൽ നിശ്ചയിച്ചെങ്കിലും 2010-ൽ തയ്യാറാക്കിയ പ്രളയ സാധ്യതാ ഭൂപടത്തെയാണ് കേരള സർക്കാർ ആശ്രയിച്ചു പോരുന്നത്. എന്നാലിത് ഒരു പ്രദേശത്തെ വെള്ളപ്പൊക്ക സാധ്യതയുള്ളതായി അടയാളപ്പെടുത്തുന്നതിന് സി.ഡബ്ല്യൂ.സി നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

പ്രാദേശിക തലത്തിലെ ഉപയോഗത്തിന് വലിയ അളവിലുള്ള ഭൂപടങ്ങൾ ആവശ്യമാണെന്ന് എൻ.സി.ഇ.എസ്.എസ് ഓഡിറ്റിന് നല്കിയ മറുപടിയിൽ നിന്ന് (2019 ജൂലൈ) വ്യക്തമാണ്, ദുരന്തനിവാരണ പ്ലാനിൽ അവലംബിച്ച ഭൂപടങ്ങളുടെ പോരായ്മ. പ്രാദേശികതല പ്രയോഗത്തിന് ആവശ്യമായ ഡേറ്റാബേസ് സൃഷ്ടിക്കുന്നതിനുള്ള ഫീൽഡ് മാപ്പിംഗ്, ഹൈ റെസൊലൂഷൻ ഉപഗ്രഹ ചിത്രങ്ങൾ, ഡിജിറ്റൽ എലിവേഷൻ മോഡൽസ് എന്നിവ സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകതയും എൻ.സി.ഇ.എസ്.എസ് ഊന്നിപ്പറഞ്ഞു.

അതിനാൽ ദുരന്തനിവാരണ പ്ലാനിൽ കേരള സർക്കാർ അനുവർത്തിച്ച എൻ.സി.ഇ.എസ്.എസ് പ്രളയ സാധ്യതാ ഭൂപടം, പ്രാദേശികതലത്തിൽ ഉപയോഗപ്രദമാക്കുന്നതിനായി പുന:പരിശോധന ആവശ്യമാണ്.

2015 ജൂലൈ മാസത്തിനകം കേരളത്തിലെ പ്രളയ സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തുന്നതിനും അടയാളപ്പെടുത്തുന്നതിനും തരംതിരിക്കുന്നതിനുമായി രൂപീകരിച്ച (2014 ഒക്ടോബർ) പ്രാദേശിക സമിതി[16] 2014-19 കാലയളവിൽ രണ്ടു തവണ മാത്രമാണ് യോഗം ചേർന്നതെന്നും അങ്ങനെ അതിന്റെ പ്രഖ്യാപിത ലക്ഷ്യം നേടാൻ കഴിഞ്ഞിരുന്നില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കേരള സർക്കാർ മറുപടിയിൽ പ്രസ്താവിച്ചതെന്തന്നാൽ;

- വിദഗ്ദ്ധ സമിതിയുടെ ശുപാർശിത രീതിശാസ്ത്രം ഇല്ലാതിരുന്ന 2010 ലാണ് സംസ്ഥാനത്ത് പ്രളയ സാധ്യതാ ഭൂപടം തയ്യാറാക്കിയത്. 2016-ലെ ദുരന്തനിവാരണ പ്ലാൻ, ദേശീയ ദുരന്ത നിവാരണ മാർഗ്ഗരേഖകൾ - പ്രളയ നിയന്ത്രണം 2008 എന്നിവയിൽ പ്രസിദ്ധീകരിച്ചപോലെ ജലവിഭവ മന്ത്രാലയം, ദേശീയ വിദൂര സംവേദന കേന്ദ്രം, സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര ജല കമ്മീഷൻ എന്നിവ തയ്യാറാക്കി നൽകേണ്ടിയിരുന്ന (വിദഗ്ദ്ധ സമിതി നിർദേശിക്കുന്ന രീതിയ്ക്ക് അനുസൃതമായി) വലിയ അളവിലുള്ള അപകട ഭൂപടത്തിന് പകരമായി ആ ഭൂപടത്തെ കാണേണ്ടന്നും ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത നിവാരണ പ്ലാനിൽ ചേർക്കുന്നതുമാണ് എന്നുമാണ്.

---

14 ജലവിഭവ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും മെമ്പർ സെക്രട്ടറിയായി കോയമ്പത്തൂർ സി.ഡബ്ല്യൂ.സി ചീഫ് എൻജിനീയറും മെമ്പറായി കെ.എസ്.ഡി.എം.എ സെക്രട്ടറിയും കൂടാതെ രണ്ട് മെമ്പർമാരും

15 എൻ.സി.ഇ.എസ്.എസ് - സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന് നേരത്തേ അറിയപ്പെട്ടിരുന്നു

16 ഭാരതത്തിലെ പ്രളയ സാധ്യതാ മേഖലകളെ ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പ്രളയ സാധ്യതാ പ്രദേശങ്ങളെ തിരിച്ചറിയാനും വേർതിരിക്കാനും തരം തിരിക്കാനും കേരള സർക്കാർ, ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു പ്രാദേശിക സമിതി രൂപവൽക്കരിച്ചു.

- സംസ്ഥാനങ്ങൾക്ക് ഹൈ-റെസൊല്യൂഷൻ ഡിജിറ്റൽ എലിവേഷൻ മോഡലുകൾ ലഭ്യമല്ലാത്തതിനാൽ വലിയ അളവിലുള്ള പ്രളയ മാപ്പിംഗിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്ന് സി.ഡബ്ല്യൂ.സി അറിയിച്ചതായി (2020 മെയ്) വകുപ്പ് പ്രസ്താവിച്ചു. അതിനാൽ പ്രളയ സാധ്യതാ പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും തരംതിരിക്കുന്നതിനും സംഭവിച്ച കാലവിളംബം സംസ്ഥാന സർക്കാരിന്മേൽ ചുമത്താനാവില്ല.

- 2016-ലെ സംസ്ഥാന ദുരന്തനിവാരണ പ്ലാൻ അംഗീകരിച്ച എൻ.സി.ഇ.എസ്.എസ് ഭൂപടത്തിന് എഴുപത് ശതമാനം കൃത്യതയുണ്ടെന്നും അത് എല്ലാ ആസൂത്രണ ആവശ്യങ്ങൾക്കും പര്യാപ്തമാണെന്നും അന്തിമകൂടിക്കാഴ്ചയിൽ (2021 ജനുവരി 18) കെ.എസ്.ഡി.എം.എ മെമ്പർ സെക്രട്ടറി പ്രസ്താവിച്ചു.

അപകട സാധ്യതയുള്ള പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും പ്രതിരോധശ്രമങ്ങൾക്ക് മുൻഗണന നൽകുന്നതിനും പ്രളയ അപകടസാധ്യതാ ഭൂപടം ഒരു സുപ്രധാന ഘടകമാണെങ്കിലും, മാനദണ്ഡങ്ങൾക്കനുസൃതമായ വലിയ അളവിലുള്ള പ്രളയ അപകടസാധ്യതാ ഭൂപടം സംസ്ഥാനത്തിന് ഇതുവരെയും ലഭിച്ചിട്ടില്ലെന്ന ഓഡിറ്റ് നിരീക്ഷണത്തെ സർക്കാർ മറുപടി സ്ഥിരീകരിക്കുന്നു. പ്രളയ സാധ്യതാ ഭൂപടം തയ്യാറാക്കുന്നതിനായി രീതിശാസ്ത്രം നിഷ്കർഷിക്കപ്പെട്ടിട്ട് ഏഴ് വർഷം കടന്നു പോയെങ്കിലും സംസ്ഥാനം ഇപ്പോഴും 2010-ലെ ഭൂപടത്തെയാണ് ആശ്രയിക്കുന്നത്.

ലഭ്യമായ ഭൂപടത്തെ പരാമർശിക്കുന്ന യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി) അതിന്റെ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്മെന്റ് ഡോക്യുമെന്റിൽ[17] (2018-ലെ കേരളത്തിലെ പ്രളയത്തിന് ശേഷം പുറത്തിറക്കിയത്) 1:50,000 എന്ന തോതിൽ ഇത് തയ്യാറാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ആപത്തുകളെക്കുറിച്ചും പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചും ജനങ്ങൾക്കിടിയിൽ അവബോധം സൃഷ്ടിച്ചുവെങ്കിലും ആസൂത്രണത്തിനും നയരൂപീകരണത്തിനും ഉപയോഗപ്രദമാകണമെങ്കിൽ ഈ ഭൂപടങ്ങൾ 1:10,000 അല്ലെങ്കിൽ 1:5,000 എന്ന തോതിൽ തയ്യാറാക്കേണ്ടതാണ്. അതനുസരിച്ച് ഈ ഭൂപടം ആസൂത്രണത്തിന് പര്യാപ്തമാണെന്ന് അന്തിമകൂടിക്കാഴ്ചയിൽ ഉന്നയിച്ചവാദം സ്വീകാര്യമല്ല, കാരണം ഈ ഭൂപടം സി.ഡബ്ല്യൂ.സി നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നില്ല, കൂടാതെ ഈ ഭൂപടം അപര്യാപ്തമാണെന്ന് ഈ ഭൂപടത്തിന് രൂപം നൽകിയ എൻ.സി.ഇ.എസ്.എസ് ഓഡിറ്റിനെ അറിയിച്ചിരുന്നു.

***ശുപാർശ 2.4: പ്രളയ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തി ആസൂത്രണം, നയരൂപീകരണം, പ്രളയ ലഘൂകരണ പ്രവർത്തനങ്ങളുടെ മുൻഗണന തീരുമാനിക്കൽ എന്നിവ സുഗമമാക്കാൻ ഉതകുന്ന വിധത്തിൽ സി.ഡബ്ല്യൂ.സി മാനദണ്ഡത്തിന് അനുസൃതമായി വലിയ അളവിലുള്ള പ്രളയ അപകട സാധ്യതാ ഭൂപടത്തിന്റെ ലഭ്യത ഉറപ്പാക്കാനുള്ള നടപടികൾ കേരള സർക്കാർ സ്വീകരിക്കേണ്ടതാണ്.***

### *ദുരന്ത നിവാരണത്തിനുള്ള ശേഷി വർദ്ധിപ്പിക്കൽ*

## 2.5. സംസ്ഥാനത്ത് സിവിൽ ഡിഫൻസ് നടപ്പാക്കൽ

വിവിധതരം ദുരന്തങ്ങൾക്ക് കൂടുതൽ സാധ്യതയുള്ള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അവയെക്കുറിച്ചുള്ള പൊതു വിദ്യാഭ്യാസം, അവബോധം, സാമൂഹ്യ പരിശീലനം എന്നിവ പ്രോൽസാഹിപ്പിക്കാൻ ആവശ്യമായ സ്ഥാപന സംവിധാനങ്ങളും അവ തടയുന്നതിനും ലഘൂകരിക്കുന്നതിനും അവയോട് പ്രതിരോധിക്കുന്നതിനും ജനസമൂഹം കൈക്കൊള്ളേണ്ട വിവിധ നടപടികളും ദുരന്ത

---

[17] കേരള സർക്കാറിന്റെ ആവശ്യപ്രകാരം വിവിധ മന്ത്രാലയങ്ങളിലേയും ഐക്യരാഷ്ട്ര സഭയിലേയും വിദഗ്ദ്ധർ സംയുക്തമായി കേരള പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്മെന്റ് ഏറ്റെടുത്തു

നിവാരണ നിയമം വിഭാവനം ചെയ്യുന്നു. പ്രകൃതിദത്തമോ മനുഷ്യനിർമ്മിതമോ ആയ ഏതു അത്യാഹിതങ്ങളെയും കാര്യക്ഷമവും ഫലപ്രദവുമായി പ്രതിരോധിക്കാനായി ഒരു സംവിധാനം സൃഷ്ടിക്കുന്നതിന് അപകട സാധ്യത കൂടിയ എല്ലാ നഗര/ ഗ്രാമ പ്രദേശങ്ങളിലും അടിസ്ഥാന ജനസമൂഹത്തിൽ നിന്ന്, ആപത്ഘട്ടങ്ങളിൽ പ്രതികരിക്കുന്നതിൽ പരിശീലനം സിദ്ധിച്ച ഒരു സന്നദ്ധ സേനയെ സ്റ്റാൻഡ്ബൈ ആയി ലഭ്യമാക്കേണ്ടതുണ്ട്[18]. അതനുസരിച്ച് ഏതെങ്കിലും ദുരന്തത്തിന്റെ സമയത്തോ അതിന് മുമ്പോ അതിന് ശേഷമോ ഉചിതമായ രീതിയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി എടുക്കാവുന്ന നടപടികൾ 1968-ലെ സിവിൽ ഡിഫൻസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി അതിൽ അടങ്ങിയിരിക്കുന്ന ''സിവിൽ ഡിഫൻസിന്റെ'' നിർവ്വചനത്തിൽ ഭേദഗതി വരുത്തുകയുണ്ടായി (2009). ഏതു ദുരന്തത്തിലും ആദ്യം പ്രതികരിക്കുന്നത് ജനസമൂഹമായതുകൊണ്ട് അടിയന്തിര സാഹചര്യങ്ങളിൽ/ ദുരന്തങ്ങളിൽ പ്രതികരിക്കുന്നതിന് ആ ജനസമൂഹത്തിന് ആവശ്യമായ അവബോധവും തയ്യാറെടുപ്പും ഉണ്ടായിരിക്കുന്നത് ദുരന്തം കാരണം ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങളും ദുരിതങ്ങളും കുറയ്ക്കുന്നതിൽ നിർണ്ണായകമാണ്.

കേരളത്തിൽ, ഫയർഫോഴ്സ് ഡയറക്ടർ എന്ന തസ്തിക കമാൻഡന്റ് ജനറൽ, (ഹോംഗാർഡ്സ്, സിവിൽ ഡിഫൻസ് ആന്റ് ഫയർ സർവ്വീസസ്) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിരുന്നു (1980 ഒക്ടോബർ). എന്നിരുന്നാലും, 2019 ഓഗസ്റ്റ് 30-ന് മാത്രമാണ് സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിന്റെ കീഴിൽ സിവിൽ ഡിഫൻസ് ഔദ്യോഗികമായി രൂപീകരിച്ചത്. തൽഫലമായി ഭാരത സർക്കാർ 2009-2016 കാലയളവിൽ സംസ്ഥാന സിവിൽ ഡിഫൻസ് ശക്തിപ്പെടുത്തുന്നതിന് ആരംഭിച്ച മൂന്ന് പദ്ധതികളായ 'സിവിൽ ഡിഫൻസ് നവീകരണം', 'ദുരന്ത സാധ്യത ലഘൂകരണത്തിൽ സിവിൽ ഡിഫൻസിനെ മുഖ്യധാരയിലെത്തിക്കൽ', 'ആപ്ദാ മിത്ര' എന്നിവ തിരിച്ചടിനേരിട്ടു. ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി ₹4.43 കോടി ഈ കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ചു നല്കിയെങ്കിലും അവ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞില്ല. സംസ്ഥാനത്ത് സിവിൽ ഡിഫൻസ് രൂപീകരിക്കാത്തതിനാൽ ദുരന്ത ലഘൂകരണത്തിന് ഒരു സന്നദ്ധസേവക - അധിഷ്ഠിത അടിയന്തിര സേനയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതികൾ നടപ്പാക്കുന്നതിൽ കാര്യമായ മുന്നേറ്റം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇനി പറയുന്ന മൂന്ന് ഖണ്ഡികകൾ ഓഡിറ്റ് നിരീക്ഷിച്ച പ്രശ്നങ്ങൾ എടുത്തുകാണിക്കുന്നു.

### 2.5.1. സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണത്തിൽ ഉണ്ടായ ₹1.54 കോടിയുടെ വിഫലമായ ചെലവ്



*ചിത്രം 2.1: സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടം 2019 ഒക്ടോബർ 29, സി.ഡി.റ്റി.ഐ, വിയ്യൂർ, തൃശ്ശൂർ ഫോട്ടോ എടുത്തത് ഓഡിറ്റ് പാർട്ടി; സാക്ഷ്യപ്പെടുത്തിയത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി ഡയറക്ടർ*

2009 ജൂലൈയിൽ ഭാരത സർക്കാർ തുടങ്ങി വച്ച സിവിൽ ഡിഫൻസ് നവീകരണം എന്ന പദ്ധതിക്ക് കീഴിൽ ഭാരത സർക്കാരിൽ നിന്ന് ലഭിച്ച ₹195 ലക്ഷത്തിൽ നിന്ന് ₹154.20 ലക്ഷം ചെലവഴിച്ച് തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സി.ഡി.റ്റി.ഐ) കെട്ടിടം നിർമ്മിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. 2014-ൽ പൂർത്തീകരിച്ച കെട്ടിടം

---

[18] 2008 ഏപ്രിലിൽ ആഭ്യന്തര മന്ത്രിയുടെ സിവിൽ ഡിഫൻസ് അഡ്വൈസറി കമ്മിറ്റി അംഗീകരിച്ച ദുരന്തനിവാരണ ചട്ടക്കൂടിൽ സിവിൽ ഡിഫൻസിനെ സംയോജിപ്പിക്കാനുള്ള കെ.എം. സിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ



ചിത്രം 2.2: സി.ഡി.റ്റി.ഐ കെട്ടിടം എൻ.ഡി.ആർ.എഫ് ബറ്റാലിയൻ ബാരക്കുകളായി ഉപയോഗിക്കുന്നു കൂടാതെ ലോബിയിൽ സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നു
2019 ഒക്ടോബർ 29, സി.ഡി.റ്റി.ഐ, വിയ്യൂർ, തൃശ്ശൂർ
ഫോട്ടോ എടുത്തത് ഓഡിറ്റ് പാർട്ടി; സാക്ഷ്യപ്പെടുത്തിയത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി ഡയറക്ടർ

സിവിൽ ഡിഫൻസിനായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ (എഫ് ആന്റ് ആർ.എസ്.ഡി) കീഴിൽ ഒരു സംസ്ഥാനതല റെസിഡൻഷ്യൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയി പ്രവർത്തിക്കാനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും ക്ലാസ് മുറികളും ഡോർമിറ്ററികളും ബാരക്കുകളാക്കി മാറ്റി ദേശീയ ദുരന്തനിവാരണ സേനയിലെ (എൻ.ഡി.ആർ.എഫ്) അംഗങ്ങൾക്കുള്ള ഒരു താമസ കേന്ദ്രമായിട്ടാണ് ഉപയോഗിച്ചിരുന്നതെന്ന് സംയുക്ത സ്ഥലപരിശോധനയിൽ വെളിപ്പെട്ടു (2019 ഒക്ടോബർ). ഒരു പുതിയ കെട്ടിടം കണ്ടെത്തുന്നതുവരെ എൻ.ഡി.ആർ.എഫ് ബറ്റാലിയനെ ഈ കെട്ടിടത്തിൽ താമസിപ്പിക്കണം എന്ന മുൻ വ്യവസ്ഥയോടെയാണ് 2018 ഏപ്രിൽ വരെ റവന്യൂ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന കെട്ടിടം എഫ് ആന്റ് ആർ.എസ്.ഡിയ്ക്ക് കൈമാറിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഫീസ് ഉപയോഗത്തിനായി ഉള്ള ഒരു ചെറിയ മുറി മാത്രമാണ് വാസ്തവത്തിൽ സി.ഡി.റ്റി.ഐ ഡയറക്ടർക്ക് കൈമാറിയിട്ടുള്ളതെന്നും കെട്ടിടത്തിന്റെ ബാക്കി ഭാഗം എൻ.ഡി.ആർ.എഫ് ആണ് ഉപയോഗിച്ചു പോന്നിരുന്നതെന്നും സംയുക്ത പരിശോധനയിൽ വെളിപ്പെട്ടു (2019 ഒക്ടോബർ). അഞ്ച് വർഷം കടന്നു പോയിട്ടും സിവിൽ ഡിഫൻസ് സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകാനുള്ള റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ പ്രവർത്തനസജ്ജമായിട്ടില്ല. സംസ്ഥാനം സിവിൽ ഡിഫൻസ് രൂപീകരിക്കുകയും സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും, സമയബന്ധിതമായി പരിശീലനം നല്കുകയും ചെയ്തിരുന്നെങ്കിൽ, സി.ഡി.റ്റി.ഐ കെട്ടിടം കൊണ്ട് വിഭാവനം ചെയ്ത ലക്ഷ്യം നിറവേറ്റാൻ കഴിയുമായിരുന്നു.

തസ്തികകൾ സൃഷ്ടിക്കുന്നതിലും ഉപകരണങ്ങൾ വാങ്ങുന്നതിലും ഉണ്ടായ കാലതാമസം മൂലം സി.ഡി.റ്റി.ഐയുടെ പ്രവർത്തനമില്ലായ്മ ഓഡിറ്റ് മുമ്പ് ചൂണ്ടിക്കാണിച്ചപ്പോൾ [19] സി.ഡി.റ്റി.ഐ പ്രവർത്തനക്ഷമമാക്കാനുള്ള ഉത്തരവാദിത്തം കെ.എസ്.ഡി.എം.എയ്ക്കാണ് നൽകിയിട്ടുള്ളത് എന്ന് കേരള സർക്കാർ മറുപടി നൽകിയിരുന്നു (2016 നവംബർ). എന്നാൽ 2020 നവംബറിൽ കേരള സർക്കാർ നൽകിയ മറുപടിയിൽ കെട്ടിടത്തിൽ താൽക്കാലികമായി എൻ.ഡി.ആർ.എഫ് ടീമിനെ മുൻകൂട്ടി സജ്ജീകരിച്ചതു വഴി ഉപയോഗമില്ലാതെ കിടന്നിരുന്ന ഒരു കെട്ടിടത്തിന്റെ വിവേകപൂർവ്വമായ ഉപയോഗം സാധ്യമായെന്നാണ് പറഞ്ഞിട്ടുള്ളത്. മാത്രമല്ല, സിവിൽ ഡിഫൻസ് വോളന്റീയർമാർക്കും സർവ്വീസിലുള്ളവർക്കും താമസിച്ചു കൊണ്ടുള്ള പരിശീലനം നൽകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അക്കാദമിയിൽ ആവശ്യത്തിന് സൗകര്യമുണ്ടെന്നും പ്രസ്താവിച്ചു. സിവിൽ ഡിഫൻസിനായി ഒരു മുഴുവൻ സമയ റെസിഡൻഷ്യൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സമർപ്പിത ലക്ഷ്യത്തിനായി സി.ഡി.റ്റി.ഐ കെട്ടിടം പ്രവർത്തനക്ഷമമാക്കുക എന്നത് കെ.എസ്.ഡി.എം.എ യുടെ ഉത്തരവാദിത്തമായിരുന്നെങ്കിലും, അത് യാഥാർത്ഥ്യമാക്കാത്തതിനാൽ മറുപടി വസ്തുതകൾക്ക് വിരുദ്ധമാണ്. കൂടാതെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ അനവധി പരിശീലനങ്ങൾ [20] നടത്തപ്പെടുന്നതിനാൽ,

[19] നിലവിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന, റവന്യൂ സെക്ടറിനെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 4.4.6.1

[20] സ്റ്റേഷൻ ഓഫീസർ കോഴ്സ്, ഡ്രൈവർ മെക്കാനിക് കോഴ്സ്, ഫയർമാൻ കോഴ്സ് തുടങ്ങിയവ

സി.ഡി.റ്റി.ഐയിൽ സിവിൽ ഡിഫൻസ് വോളന്റിയർമാർക്കുള്ള റസിഡൻഷ്യൽ പരിശീലനത്തിനായി പരമാവധി സ്ഥലം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന് ഡി.ജി, എഫ് ആന്റ് ആർ.എസ് പ്രസ്താവിച്ചു (2020 ഡിസംബർ). ഇക്കാര്യം അന്തിമ കൂടിക്കാഴ്ചയിൽ (2021 ജനുവരി) ചൂണ്ടിക്കാണിച്ചപ്പോൾ, സി.ഡി.റ്റി.ഐ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പണം അനുവദിക്കുകയും, ഡി.ജി, എഫ് ആന്റ് ആർ.എസ് നെ ഡയറക്ടർ ജനറൽ (സിവിൽ ഡിഫൻസ്) ആയി നിയമിക്കുകയും ചെയ്തെങ്കിലും 2019 വരെ സംസ്ഥാനത്ത് സിവിൽ ഡിഫൻസ് വിജ്ഞാപനം നടത്തിയിട്ടില്ലെന്ന് കേരള സർക്കാർ പ്രസ്താവിച്ചു. ഇക്കാരണത്താൽ, ഒരു കെട്ടിടം അവിടെ നിർമ്മിച്ചിരുന്നുവെങ്കിൽ കൂടി, ഒരു പരിശീലനവും സാധ്യമാവുകയില്ലായിരുന്നു. മാത്രമല്ല സംസ്ഥാനത്തിന്റെ പ്രളയ പ്രതിരോധത്തിന്റെ അവസ്ഥയിൽ യാതൊരു മാറ്റവും വരില്ലായിരുന്നു. സിവിൽ ഡിഫൻസിന്റെ രൂപീകരണത്തിനും ദുരന്ത സന്ദർഭങ്ങളിൽ സന്നദ്ധ പ്രവർത്തകരെ അത്യാഹിത സന്ദർഭങ്ങളിൽ പ്രതികരിക്കുന്നവരായി സജ്ജമാക്കുന്നതിനും നൽകിയ താഴ്ന്ന മുൻഗണനയാണ് മറുപടിയിലൂടെ വെളിപ്പെട്ടത്. ഡയറക്ടർ ഓഫ് ഫയർ ഫോഴ്സിനെ വളരെ മുൻപേ 1980 ഒക്ടോബറിൽ തന്നെ സിവിൽ ഡിഫൻസ് മേധാവിയായി നിയമിച്ചിരുന്നെങ്കിലും കഴിഞ്ഞ 38 വർഷങ്ങൾ സംസ്ഥാനത്ത് സിവിൽ ഡിഫൻസ് വോളന്റീയർമാർ ഇല്ലാതെ കടന്നുപോയി.

സ്വന്തം കെട്ടിടം പണിയാനായി എൻ.ഡി.ആർ.എഫിന് പ്രത്യേകമായി സ്ഥലം അനുവദിച്ചതു കൊണ്ടും സിവിൽ ഡിഫൻസ് രൂപീകരിച്ചതുകൊണ്ടും, എൻ.ഡി.ആർ.എഫ് ഉടനെ ഒഴിയുമെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2021 ജനുവരി) ഓഡിറ്റിനെ അറിയിച്ചു. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഇതേവരെ ആരംഭിച്ചിട്ടില്ലാത്തതും കഴിഞ്ഞ വർഷങ്ങളിൽ പരിശീലനത്തിനായി ലഭ്യമാക്കിയ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിഷ്ക്രിയത്വം കണക്കിലെടുത്ത് എൻ.ഡി.ആർ.എഫ് ഒഴിയാനുള്ള സാധ്യതയും സമീപഭാവിയിൽ സിവിൽ ഡിഫൻസുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്ക് സി.ഡി.റ്റി.ഐയുടെ കെട്ടിടം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന കാര്യവും സംശയകരമാണ്.

### 2.5.2. ദുരന്ത സാധ്യതാ ലഘൂകരണത്തിൽ സിവിൽ ഡിഫൻസിനെ മുഖ്യധാരയിലെത്തിക്കൽ

നൈപുണ്യം സിദ്ധിച്ച സന്നദ്ധപ്രവർത്തകരുടെ പിന്തുണയോടെ കുറച്ചു സ്ഥിരം ജീവനക്കാരെ ഉപയോഗിച്ച് ഒരു പ്രതിരോധ സംവിധാനം സൃഷ്ടിച്ചുകൊണ്ട് ഏറ്റവും ദുർബലമായ ജില്ലകളിൽ/നാനാതര അപകട സാധ്യതാ ജില്ലകളിൽ സിവിൽ ഡിഫൻസ് സംവിധാനം ശക്തിപ്പെടുത്താൻ ഭാരത സർക്കാർ 'ദുരന്ത സാധ്യത ലഘൂകരണത്തിൽ സിവിൽ ഡിഫൻസിനെ മുഖ്യധാരയിലെത്തിക്കൽ' എന്ന പദ്ധതി വിഭാവനം ചെയ്തു. കേരളത്തിലെ ആറ് ജില്ലകളെ 'ഏറ്റവും ദുർബലം' എന്ന് തരംതിരിച്ചിട്ടുണ്ട് (2014). ആഭ്യന്തര മന്ത്രാലയം സംസ്ഥാനത്തിന് 2014–15 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ ആദ്യ ഗഡുവായി ₹225.52 ലക്ഷം അനുവദിച്ചു നൽകി (നവംബർ 2014). ഏറ്റവും ദുർബലമായ ആറ് ജില്ലകൾക്കുള്ള[21] ₹198.52 ലക്ഷവും 'സിവിൽ ഡിഫൻസ് നവീകരണം' എന്ന പദ്ധതിയ്ക്ക് കീഴിൽ വിഭാവനം ചെയ്ത സി.ഡി.റ്റി.ഐയ്ക്കുള്ള ₹27 ലക്ഷവും ഇതിൽ ഉൾപ്പെടുന്നു. റവന്യൂ വകുപ്പ് നിർദ്ദേശിച്ച പ്രകാരം ബജറ്റിൽ അനുബന്ധ ധനസഹായമായി ഉൾപ്പെടുത്തിയിരുന്നതും 2014 നവംബറിൽ ലഭിച്ചതുമായ ₹225.52 ലക്ഷം 2017 മാർച്ച് വരെ ധനകാര്യ വകുപ്പ് കൈവശം വച്ചിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. സിവിൽ ഡിഫൻസ് ഡയറക്ടർക്ക് പണം ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാതെ വരികയും തുടർന്ന് വിതരണം ചെയ്യാതെ 2017 ജൂണിൽ കേരള സർക്കാർ പണം വീണ്ടെടുക്കുകയും ചെയ്തു. അങ്ങനെ സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ശക്തിപ്പെടുത്താനായി കേന്ദ്ര സർക്കാർ അനുവദിച്ച ₹225.52 ലക്ഷത്തിന്റെ കേന്ദ്രസഹായം ഉദ്ദിഷ്ട ലക്ഷ്യത്തിന് വിനിയോഗിക്കാനാകാതെ പോയി. എഫ് ആന്റ് ആർ.എസ്.ഡിയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പണം

---

[21] എറണാകുളം, കണ്ണൂർ, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം, വയനാട്

പുനഃസാധൂകരണം ചെയ്യാൻ ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിച്ചതായി കേരള സർക്കാർ മറുപടി നൽകി (2020 നവംബർ).

### 2.5.3. ആപ്ദാ മിത്ര പദ്ധതി നടത്തിപ്പിലെ മെല്ലെപ്പോക്ക്

ഇന്ത്യയിലെ ഏറ്റവും പ്രളയ സാധ്യതയുള്ള 30 ജില്ലകളിൽ 6000 സാമൂഹിക സന്നദ്ധപ്രവർത്തകർക്ക് (ഒരു ജില്ലയിൽ 200 സന്നദ്ധപ്രവർത്തകർ വീതം) ദുരന്ത പ്രതിരോധത്തിൽ പരിശീലനം നൽകാനായി നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആപ്ദാ മിത്ര'യ്ക്ക് ദേശീയ ദുരന്ത നിവാരണ അതോറിറ്റി (എൻ.ഡി.എം.എ) അംഗീകാരം നൽകി. സമൂഹത്തിലെ അടിയന്തിര ആവശ്യങ്ങളോട് പ്രതികരിക്കാനുള്ള നൈപുണ്യവും പ്രളയം, മിന്നൽ പ്രളയം, നഗരപ്രളയം തുടങ്ങിയ അടിയന്തിര സന്ദർഭങ്ങളിൽ പ്രാഥമിക ദുരിതാശ്വാസവും രക്ഷാപ്രവർത്തനങ്ങളും നടത്താനുള്ള നൈപുണ്യവും അവരിൽ വളർത്തി എടുക്കാൻ വേണ്ടിയായിരുന്നു ഈ പദ്ധതി. കേരളത്തിൽ കോട്ടയം ജില്ലയെയാണ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തത്. രണ്ട് വർഷ കാലാവധി ഉള്ള ധാരണാപത്രം കെ.എസ്.ഡി.എം.എയുമായി ഒപ്പ് വച്ച് കഴിഞ്ഞ് (2016 നവംബർ) എൻ.ഡി.എം.എ കേരള സർക്കാരിന് 2017 ഫെബ്രുവരിയിൽ ₹22.70 ലക്ഷം[22] വിട്ടു നൽകി.

പകുതിയിലധികം ഗുണഭോക്തൃ സംസ്ഥാനങ്ങളും [23] വോളന്റീയർമാരുടെ തെരഞ്ഞെടുപ്പ് 2017-ൽ തന്നെ പൂർത്തിയാക്കിയെങ്കിലും കോട്ടയം ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകരുടെ പട്ടിക കെ.എസ്.ഡി.എം.എ 2018 ഫെബ്രുവരിയിൽ മാത്രമാണ് എൻ.ഡി.എം.എയ്ക്ക് കൈമാറിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കേരള സർക്കാർ ഈ തുക 2018 ഫെബ്രുവരിയിൽ വീണ്ടെടുത്തെങ്കിലും പിന്നീട്, 2018 ജൂണിൽ തുക കെ.എസ്.ഡി.എം.എയ്ക്ക് വിട്ടു നൽകുകയും കെ.എസ്.ഡി.എം.എ 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ കോട്ടയത്തുനിന്നുള്ള 200 തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകർക്ക് എട്ട് ബാച്ചുകളിലായി പരിശീലനം നൽകിയതായും എഫ് ആന്റ് ആർ.എസ്.ഡിലെയും കെ.എസ്.ഡി.എം.എയിലെയും രേഖകളുടെ പരിശോധനയിൽ വ്യക്തമായി. ഇപ്രകാരം, വിഭാവനം ചെയ്ത രീതിയിൽ, പരിശീലനം സിദ്ധിച്ച സാമൂഹിക സന്നദ്ധപ്രവർത്തകരുടെ സേവനം 2018 ഓഗസ്റ്റിലെ പ്രളയ സമയത്ത് ലഭ്യമാകാതെ പോയി.

പരിശീലനം കിട്ടിയ സന്നദ്ധപ്രവർത്തകർക്കുള്ള എമർജൻസി റസ്പോണ്ടർ കിറ്റുകൾ[24] സന്നദ്ധപ്രവർത്തകരുടെ ആദ്യ ബാച്ച് പരിശീലനം പൂർത്തിയായി ഒരു വർഷം കഴിഞ്ഞ് 2019 ഡിസംബറിൽ മാത്രമാണ് കെ.എസ്.ഡി.എം.എ വിതരണം ചെയ്തതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എമർജൻസി സ്റ്റോക്ക്പൈലിന്റെ[25] സംഭരണ പ്രക്രിയ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു (2020 മെയ്).

റവന്യൂ ദുരന്തനിവാരണ വകുപ്പ് നൽകിയ (2020 നവംബർ) മറുപടി

- പദ്ധതി 2016 നവംബറിൽ ആരംഭിക്കുകയും 2017 ഏപ്രിൽ 01-ന് നടന്ന നാഷണൽ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ നടപ്പാക്കലിന്റെ രീതികൾ വിശദീകരിക്കുകയും തുടർന്ന് 2017 ഓഗസ്റ്റ് 31-ന് നടന്ന സ്റ്റേറ്റ് പ്രോജക്ട് സ്റ്റിയറിംഗ് കമ്മിറ്റിയുടെ ആദ്യ മീറ്റിംഗിൽ വച്ച് പദ്ധതിയുടെ പൊതു അറിയിപ്പ് വിതരണത്തിനായി കോട്ടയം ഡി.ഡി.എം.എയെ

22 അനുവദിച്ച തുകയുടെ 50 ശതമാനം

23 2021 മാർച്ചിൽ എൻ.ഡി.എം.എ നൽകിയ വിവരം അനുസരിച്ച് ആന്ധ്രപ്രദേശ്, ഡൽഹി, ഗുജറാത്ത്, ഹിമാചൽപ്രദേശ്, കർണ്ണാടക, മണിപ്പൂർ, മേഘാലയ, നാഗാലാൻഡ്, പഞ്ചാബ്, തമിഴ്നാട്, ത്രിപുര, ബീഹാർ, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ

24 ലൈഫ് ജാക്കറ്റ്, സോളാർ ടോർച്ച്, സുരക്ഷാ കയ്യുറകൾ, നൈലോൺ കയർ, ചെറിയകത്തി, പ്രഥമ ശുശ്രൂഷകിറ്റ്, മഴകോട്ട്, വെള്ളകുപ്പി എന്നിവ അടങ്ങിയ കിറ്റുകൾ

25 പേഴ്സണൽ ഫ്ളോട്ടേഷൻ ഡിവൈസ്, ടോർച്ച്, സുരക്ഷാ കയ്യുറകൾ, കയർ, ലൈഫ്ബോയ്, തുഴകൾ, പങ്കായങ്ങൾ, നങ്കൂരങ്ങൾ, ബെയിലർ, ഒ.ബി മോട്ടോർ, അഗ്നിശമന ഉപകരണം, അടിയന്തിര സ്പോട്ട്ലൈറ്റ്, സ്ട്രെച്ചർ, ടൂൾകിറ്റ്, വാക്കിടോക്കി, പ്രഥമശുശ്രൂഷകിറ്റ്, ജി.പി.എസ് സെറ്റ് എന്നിവ ഉൾപ്പെടുന്ന ഉപകരണങ്ങളുടെ സംഭരണം

ഏൽപ്പിക്കുകയും ചെയ്തു. പദ്ധതി ഔപചാരികമായി 2017 ഒക്ടോബർ 13-ന് ഉദ്ഘാടനം ചെയ്തു.

- പ്രതികൂലമായ സാമ്പത്തിക സ്ഥിതി കാരണം 2018 മാർച്ച് 14-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ₹22.70 ലക്ഷം കെ.എസ്.ഡി.എം.എ യ്ക്ക് കൈമാറിയിരുന്നില്ല. ഒടുവിൽ 2018-19 ലെ അലോട്ട്മെന്റിനു ശേഷം ഈ തുക 2018 ജൂണിൽ കെ.എസ്.ഡി.എം.എയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു. അതിനുശേഷം മാത്രമാണ് ട്രെയിനിംഗ് മൊഡ്യൂളുകളുടെ അച്ചടി, സന്നദ്ധ പ്രവർത്തകരുടെ പരിശീലനം എന്നിവ നിർവ്വഹിക്കാൻ സാധിച്ചത്.

- 2018 ജൂൺ 08-ൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയെ എൻ.ഡി.എം.എ ട്രെയിനിംഗ് അക്കാദമി ആയി അംഗീകരിച്ചു.

- 2018 ഓഗസ്റ്റിലെ ഘോരമായ പ്രളയം മുഴുവൻ പ്രവർത്തന ശൃംഖലയെയും താറുമാറാക്കി. ദുരന്ത നിവാരണ പ്രക്രിയകളിൽ കെ.എസ്.ഡി.എം.എ മുന്നണിപ്പോരാട്ടത്തിലായിരുന്നത് കൊണ്ട് മറ്റ് കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താനും സാധിച്ചില്ല.

- രണ്ടാം ഗഡുവായ ₹22.70 ലക്ഷം 2019 ഡിസംബർ 21 ലെ സർക്കാർ ഉത്തരവ് പ്രകാരം ആണ് അനുവദിക്കപ്പെട്ടത്. ഫണ്ട് ലഭിക്കാൻ കാലതാമസം വന്നെങ്കിലും കെ.എസ്.ഡി.എം.എ എമർജൻസി റസ്പോണ്ടർ കിറ്റുകൾ 2019 ഡിസംബറിൽ തന്നെ വിതരണം ചെയ്തു.

- എമർജൻസി റസ്പോണ്ടർ കിറ്റുകൾ വാങ്ങിയിരുന്ന ജെം പോർട്ടലിൽ ധാരാളം അപാകതകൾ ഉണ്ടായിരുന്നതിനാൽ പരിഹാരം ലഭിക്കുന്നതിനായി ജെം പോർട്ടൽ മാനേജർമാരുമായി തുടർച്ചയായ ആശയ വിനിമയം വേണ്ടിവരുകയും ചെയ്തു. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഓരോ ഇനത്തിന്റെയും സാമ്പിൾ ആദ്യമേ വാങ്ങേണ്ടി വന്നതു മൂലം ഇതിന് ഏറെ സമയം ചെലവാക്കേണ്ടിയും വന്നു.

- 'സുരക്ഷിത സംസ്ഥാനത്തിലേയ്ക്ക്' എന്ന ദൗത്യത്തിൽ സന്നദ്ധപ്രവർത്തകരുടെ തുടർ പങ്കാളിത്തം ഉറപ്പു വരുത്താനായി കെ.എസ്.ഡി.എം.എ അനവധി പരിപാടികൾ ആസൂത്രണം ചെയ്തു. എക്സ്പോഷർ ആന്റ് ഓറിയന്റേഷൻ പ്രോഗ്രാം (2019 ജനുവരി 29), സിവിൽ ഡിഫൻസിനെ കുറിച്ചുള്ള പരിശീലനം (2019 ഡിസംബർ 10), സന്നദ്ധപ്രവർത്തകർക്ക് ആനുവൽ റിഫ്രഷർ ട്രെയിനിംഗ് (2019 ജൂലൈ 09-12), യൂണിറ്റ് കോ-ഓഡിനേറ്റർമാരുമായി കൂടിക്കാഴ്ച (2019 നവംബർ 13), എന്നിവ സംഘടിപ്പിച്ചു.

- ആപ്ദാ മിത്രാ സ്കീം നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിനെ എൻ.ഡി.എം.എ ഒരു മാതൃകാ സംസ്ഥാനമായി ആണ് പരിഗണിച്ചത്. കോട്ടയം ജില്ലയിൽ ആപ്ദാ മിത്ര കൈവരിച്ച നേട്ടങ്ങൾ വിവരിക്കാനായി 2020-ൽ കേരളത്തിൽ നാഷണൽ റിവ്യു മീറ്റിംഗ് സംഘടിപ്പിക്കാൻ എൻ.ഡി.എം.എ തീരുമാനിച്ചു.

- കൂടാതെ പ്രാദേശിക നടപ്പാക്കൽ ബുദ്ധിമുട്ടുകൾ കാരണം പല സംസ്ഥാനങ്ങൾക്കും പദ്ധതി പൂർത്തിയാക്കാൻ സാധിക്കാതിരുന്നത് കൊണ്ട് പദ്ധതിയുടെ കാലാവധി ഭാരത സർക്കാർ 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു (2020 ജൂലൈ).

- 2018-ലെ പ്രളയത്തിനു ശേഷം, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി 2018 ഒക്ടോബർ 22-ന് ട്രെയിനിംഗ് സമാരംഭിച്ചു (25 ബാച്ചുകളിലായി 200 സന്നദ്ധ പ്രവർത്തകർ). വ്യക്തിപരവും ജീവിതമാർഗ്ഗപരവുമായ കാരണങ്ങൾ, അടച്ചിട്ട രീതിയിലുള്ള

ദൈർഘ്യമേറിയ പരിശീലനം തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി നിരവധി സന്നദ്ധപ്രവർത്തകർ പിൻമാറി. ആപ്ദാ മിത്ര ഒരു സന്നദ്ധശേഷി വളർത്തൽ പരിപാടി ആയതിനാൽ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സ്വമേധയാ ജോലി ചെയ്യുന്ന സന്നദ്ധപ്രവർത്തകരെ നിർബന്ധമായി ജോലി ചെയ്യിക്കാനുള്ള നിയമപരമായ വ്യവസ്ഥകളൊന്നുമില്ല.

- എൻ.ഡി.എം.എ, കെ.എസ്.ഡി.എം.എ, ഡി.ഡി.എം.എ എന്നിവയുടെ പ്രായോഗികമായ സമീപനം കൊണ്ട് പങ്കെടുത്തവരിൽ സ്വയം സേവനത്തിന്റെ അന്തഃസത്ത പകർന്നു നൽകുന്നതിൽ പദ്ധതി കേരളത്തിൽ വിജയമായിരുന്നു.

പദ്ധതിയുടെ അന്തിമ തീയതി 2021 മാർച്ച് വരെ നീട്ടിയതായി അന്തിമ കൂടിക്കാഴ്ചയിൽ (2021 ജനുവരി) അറിയിച്ചു.

2016 നവംബറിൽ ആപ്ദാ മിത്രയുടെ ധാരണപത്രം ഒപ്പു വച്ചതിനുശേഷം വിവിധ വ്യക്തിഗത ഘട്ടങ്ങളിലെ[26] നടപടിക്രമങ്ങളുടെ കാലതാമസം കാരണം ആപ്ദാ മിത്ര സന്നദ്ധപ്രവർത്തകരുടെ ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കി (2018 ഒക്ടോബർ) ഒരു വർഷം കഴിഞ്ഞ് 2019 ഡിസംബറിലാണ് എമർജൻസി റസ്പോണ്ടർ കിറ്റുകൾ വിതരണം ചെയ്തതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2019 ഓഗസ്റ്റിൽ മറ്റൊരു രൂക്ഷമായ പ്രളയം സംസ്ഥാനത്തെ ബാധിച്ചിട്ടും ദുരന്ത പ്രതിരോധ വൈദഗ്ദ്ധ്യം നേടിയ സന്നദ്ധപ്രവർത്തകർക്ക് അടിസ്ഥാന ദുരിതാശ്വാസത്തിനും രക്ഷാ പ്രവർത്തനത്തിനും നിർണായകമായ ഉപകരണങ്ങൾ ഇനിയും നൽകിയിട്ടില്ല, കൂടാതെ, പ്രാദേശിക സമൂഹത്തിന്റെ നന്മയ്ക്കായുള്ള ആപ്ദാമിത്ര പദ്ധതിയുമായി ഇവ സംയോജിപ്പിച്ചിട്ടുമില്ലായിരുന്നു. പ്രാദേശിക നിർവ്വഹണ ബുദ്ധിമുട്ടുകൾ കാരണം പല സംസ്ഥാനങ്ങൾക്കും പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തതു കൊണ്ട് ഭാരത സർക്കാർ, പദ്ധതി (2020 ജൂലൈ) 2020 ഡിസംബർ 31 വരെയും (പിന്നീട് 2021 മാർച്ച് 31 വരെയും) നീട്ടി എന്നുള്ള ന്യായീകരണം പറഞ്ഞ് കേരളത്തിന്റെ മെല്ലെപ്പോക്ക് നീതീകരിക്കാൻ ശ്രമിക്കുന്നത്, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഉയർന്ന തലത്തിലുള്ള ദുരന്ത സാധ്യതയുള്ളതു കൊണ്ടും (കേരള സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016-ന്റെ ഖണ്ഡിക 1.2) പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്തത് ഒരു ജില്ല (കോട്ടയം) മാത്രമായിരുന്നതുകൊണ്ടും സ്വീകാര്യമല്ല. കൂടാതെ, കെ.എസ്.ഡി.എം.എയ്ക്ക് നൽകിയ പട്ടിക കോട്ടയത്തെ കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സ്കീം ലിസ്റ്റിൽ നിന്ന് ഡി.ഡി.എം.എ നേരിട്ട് എടുത്ത് അയച്ചതാണെന്ന് കണ്ടു. തയ്യാറെടുപ്പിന്റെ നിലവാരം ഉയർന്നതായിരുന്നുവെങ്കിൽ നേരത്തെ തന്നെ ലഭ്യമായിരുന്ന ലിസ്റ്റ് 2018 ഫെബ്രുവരിയ്ക്ക് മുമ്പ് എൻ.ഡി.എം.എയ്ക്ക് അയച്ച് കൊടുക്കാൻ സാധിക്കുമായിരുന്നു.

എഫ് ആന്റ് ആർ.എസ് അക്കാദമിയെ 2018 ജൂണിൽ മാത്രമാണ് പരിശീലന അക്കാദമി ആയി എൻ.ഡി.എം.എ അംഗീകരിച്ചതെന്ന് പ്രസ്താവിച്ചെങ്കിലും ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.5.1-ൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ 2014 മുതൽ സംസ്ഥാനത്തുണ്ടായിരുന്ന സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു സമർപ്പിത പരിശീലന സ്ഥാപനമായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ ആപ്ദാ മിത്രയുടെ പരിശീലന ആവശ്യങ്ങളും നിറവേറ്റപ്പെടുമായിരുന്നു. അതിലുപരിയായി ആപ്ദാ മിത്ര/കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സ്കീമിന്റെ പരിശീലനങ്ങൾ സംഘടിപ്പിക്കാനായി സി.ഡി.റ്റി.ഐ കെട്ടിടവും പരിസരവും അടിയന്തിരമായി കൈമാറാൻ നേരത്തെ തന്നെ (2017 നവംബർ) ഡി.ജി (എഫ് ആന്റ് ആർ.എസ്) റവന്യൂ ദുരന്തനിവാരണ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു.

[26] നാഷണൽ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് കഴിഞ്ഞ് അഞ്ച് മാസങ്ങൾക്ക് ശേഷമാണ് സ്റ്റേറ്റ് പ്രോജക്ട് കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് നടന്നത്. അതിനാൽ സന്നദ്ധ പ്രവർത്തകരുടെ പട്ടികയ്ക്കുള്ള അഭ്യർത്ഥന 2017 ഓഗസ്റ്റിൽ മാത്രമാണ് കെ.എസ്.ഡി.എം.എ അയച്ചത്; 2013 നവംബറിൽ കെ.എസ്.ഡി.എം.എയ്ക്ക് ലഭിച്ച കോട്ടയം ഡി.ഡി.എം.എ അയച്ച പട്ടിക 2018 ഫെബ്രുവരിയിലാണ് എൻ.ഡി.എം.എയ്ക്ക് അയച്ചത്; 2018 ജൂണിൽ കേരള സർക്കാർ ഫണ്ടിന്റെ ആദ്യ ഗഡു വിട്ടു നൽകിയെങ്കിലും 2019 ഡിസംബറോടെയാണ് രണ്ടാമത്തെ ഗഡു നൽകിയത്.

ആപ്ദാ മിത്രാ സ്കീമിന്റെ നടത്തിപ്പിൽ സംസ്ഥാനത്തിനെ എൻ.ഡി.എം.എ ഒരു മാതൃകാ സംസ്ഥാനമായി പരിഗണിച്ചെന്നും കോട്ടയം ജില്ലയിൽ കൈവരിച്ച നേട്ടങ്ങൾ 2020-ൽ കേരളത്തിൽ നടത്തുന്ന നാഷണൽ റിവ്യൂ മീറ്റിംഗിൽ അവതരിപ്പിക്കാനും എൻ.ഡി.എം.എ തീരുമാനിച്ചെന്നുള്ള കാര്യം മറുപടിയിൽ പ്രതിപാദിച്ചെങ്കിലും (2020 നവംബർ) 'നാഷണൽ റിവ്യൂ' മീറ്റിംഗിന് ഉപോൽബലകമായി കിട്ടിയ രേഖ യഥാർത്ഥത്തിൽ ഒരു റീജിയണൽ അസെസ്മെന്റ് വർക്ഷോപ്പ് ആയിരുന്നെന്നും ആപ്ദാ മിത്രയിൽ കേരളം ഒരു മാതൃകാ സംസ്ഥാനം ആയിരുന്നു എന്നുള്ള വാദത്തിന് രേഖകളുടെ പിൻബലമില്ലായിരുന്നെന്നും ഓഡിറ്റ് ശ്രദ്ധിച്ചു.

***ശുപാർശ 2.5: ആവശ്യമായ സിവിൽ ഡിഫൻസ് വോളന്റിയർമാരെ പരിശീലിപ്പിക്കുക, സജ്ജമാക്കുക എന്നീ ഉദ്ദിഷ്ട ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനക്ഷമമാക്കാൻ സംസ്ഥാനം നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ലൈസൻസുള്ള ഹാം റേഡിയോ ഓപ്പറേറ്റർമാർ ഉൾപ്പെടെ പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകർ, ആശയവിനിമയ സൗകര്യങ്ങളുടെ പര്യാപ്തത, അടിയന്തിര/ദുരന്തസാഹചര്യങ്ങളിൽ അവസരോചിതവും ഫലപ്രദവുമായ രക്ഷാപ്രവർത്തനം സാധ്യമാക്കുന്നതിനുള്ള എമർജൻസി റസ്പോണ്ടർ കിറ്റുകളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് സംസ്ഥാനത്തെ സിവിൽ ഡിഫൻസ് ശക്തിപ്പെടുത്തേണ്ടതുണ്ട്.***

## 2.6. കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ നവീകരണം

13-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ഇൻ-എയ്ഡ് മിച്ചം വന്നതിൽ ₹98.25 ലക്ഷം[27] തൃശ്ശൂരിലെ വിയ്യൂരിലുള്ള എഫ് & ആർ.എസ് അക്കാദമിയുടെ നവീകരണത്തിനായി അനുവദിക്കണമെന്ന് ഡയറക്ടർ ജനറൽ (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്) കേരള സർക്കാരിനോട് അഭ്യർത്ഥിച്ചു (2016 ഓഗസ്റ്റ്). പ്രളയസമയത്തെ രക്ഷാപ്രവർത്തനത്തിനായി സെൽഫ് കണ്ടെയ്ൻഡ് അണ്ടർവാർട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ് (സ്കൂബാ) സെറ്റ് (₹26 ലക്ഷം), ബ്രീത്തിംഗ് എയർ കംപ്രെസർ (₹6 ലക്ഷം) മുതലായ സുപ്രധാന ഉപകരണങ്ങളുടെ സംഭരണം പ്രൊപ്പോസലിൽ ഉൾപ്പെട്ടിരുന്നു. അതനുസരിച്ച്, പ്രൊപ്പോസലിനുള്ള ഭരണാനുമതി കേരള സർക്കാർ നൽകുകയും (2016 സെപ്റ്റംബർ) ഡി.ജി (എഫ് ആന്റ് ആർ.എസ്)-ന്റെ അക്കൗണ്ടിൽ 2017 മാർച്ചിൽ കെ.എസ്.ഡി.എം.എ പണം ക്രെഡിറ്റ് ചെയ്യുകയും ചെയ്തു.

കേരള സർക്കാർ 2018 മാർച്ചിൽ ഫണ്ട് വീണ്ടെടുക്കുന്നതു വരെ എഫ് ആന്റ് ആർ.എസ്.ഡിയുടെ പക്കൽ അവ നിഷ്ക്രിയമായി കിടക്കുകയായിരുന്നുവെന്ന് എഫ് ആന്റ് ആർ.എസ്.ഡിയുടെ രേഖകൾ പരിശോധിച്ചതിൽ നിന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2018-19-ൽ ആവശ്യമുള്ള വസ്തുക്കൾ വാങ്ങാനായി എഫ് ആന്റ് ആർ.എസ്.ഡി ദർഘാസുകൾ ക്ഷണിച്ചെങ്കിലും (2018 മെയ്-ജൂൺ), കേരള സർക്കാർ ഫണ്ട് അസാധുവാക്കിയതുകൊണ്ട്, ദർഘാസുകൾ റദ്ദാക്കേണ്ടി വന്നതായി (2018 ഓഗസ്റ്റ്) തുടർ പരിശോധനയിൽ വെളിപ്പെട്ടു. എന്നിരുന്നാലും എഫ് ആന്റ് ആർ.എസ്.ഡിയിൽ നിന്നും വിനിയോഗ സർട്ടിഫിക്കറ്റുകൾ നേടാതെ തന്നെ കേരള സർക്കാർ വീണ്ടെടുത്ത മുഴുവൻ തുകയും 2016-17 വർഷത്തെ 'ചെലവ്' ആയി കെ.എസ്.ഡി.എം.എ രേഖപ്പെടുത്തി.

എഫ് ആന്റ് ആർ.എസ് അക്കാദമിയിൽ ഉപകരണങ്ങൾ, വാഹനങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയിൽ ഗൗരവതരമായ കുറവ് ഉള്ളതായി (**അനുബന്ധം 2.2**) എഫ് ആന്റ് ആർ.എസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടറോടൊപ്പം ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ

[27] 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ പതിമൂന്നാമത് ധനകാര്യ കമ്മീഷൻ നൽകിയ ഫണ്ടിൽ നിന്ന് ലഭിച്ച തുകയിൽ ₹103.97 ലക്ഷം ഉപയോഗിക്കാതെ കെ.എസ്.ഡി.എം.എയിൽ അവശേഷിച്ചിരുന്നു. കെ.എസ്.ഡി.എം.എയുടെ ഫണ്ടിൽ ശേഷിച്ച ₹53.72 ലക്ഷം എസ്.ഇ.ഒ.സി കെട്ടിടം ഹരിതോർജ്ജാനുസൃതമാക്കി ഉപയോഗിക്കുന്നതിനായി കേരളം അംഗീകാരം നൽകി (2017 മാർച്ച്).

വെളിപ്പെട്ടു (2019 ഒക്ടോബർ). ഓഡിറ്റ് കാലയളവിൽ (2014-19) അക്കാദമിയിൽ ചേർന്ന 3173 പരിശീലനാർത്ഥികൾക്ക് എഫ് ആന്റ് ആർ.എസ് അക്കാദമിയിൽ ലഭ്യമായിരുന്ന പരിമിതമായ സൗകര്യങ്ങൾ കാരണം ഒരു ദുരന്ത മുഖത്തിന്റെ കൃത്രിമ സാഹചര്യം ഒരുക്കി അവരെ ദ്രുത പ്രതിരോധത്തിന് മാനസികമായും ശാരീരികമായും ഒരുക്കിയെടുക്കുന്ന വിധത്തിലുള്ള മെച്ചപ്പെട്ട പരിശീലനം കിട്ടിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഉപധനാഭ്യർത്ഥനയിൽ സർക്കാർ പണം അനുവദിക്കുകയും വിട്ടു നൽകുകയും തുടർന്ന് എഫ് ആന്റ് ആർ.എസ്.ഡിയ്ക്ക് നൽകിക്കഴിഞ്ഞ് സർക്കാർ വീണ്ടെടുക്കുകയും ചെയ്തതു കൊണ്ട് കെ.എസ്.ഡി.എം.എയ്ക്ക് ആ തുക ഫണ്ടിന്റെ ചെലവായി കാണിക്കേണ്ടി വന്നുവെന്ന് കേരള സർക്കാർ മറുപടി നൽകി (2020 നവംബർ). മുഖ്യമായും 2018-ലെ പ്രളയങ്ങൾ കാരണം ഉടലെടുത്ത പ്രതികൂല സാമ്പത്തിക സ്ഥിതി മൂലം വീണ്ടെടുത്ത ഫണ്ട് സർക്കാർ വിട്ടു നൽകാതിരുന്നതു കൊണ്ട് 2018-19-ൽ സാധനങ്ങൾ സംഭരിയ്ക്കാനുള്ള വകുപ്പിന്റെ പരിശ്രമം വിഫലമായി. സാധനങ്ങൾ വാങ്ങിയിരുന്നെങ്കിൽ അവ പരിശീലന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താമായിരുന്നു എന്നുള്ള ഓഡിറ്റ് വാദം സാങ്കൽപ്പികം ആണെന്ന് കേരള സർക്കാർ പരാമർശിച്ചു. സർക്കാർ നൽകിയ ഫണ്ടിന്റെ വിനിയോഗം വളരെ സൂക്ഷ്മമായി കെ.എസ്.ഡി.എം.എ നിരീക്ഷിക്കേണ്ടിയിരുന്നതിനാൽ മറുപടി ന്യായീകരിക്കാവുന്നതല്ല. എഫ് & ആർ.എസ്.ഡിയ്ക്ക് എന്ത് കാര്യത്തിനാണോ ഫണ്ട് അനുവദിച്ചിരുന്നത് ആയതിലേയ്ക്കായി ഫണ്ട് റീ-ക്രെഡിറ്റ് ചെയ്യുകയും റീവാലിഡേറ്റ് ചെയ്ത് ശേഷി വർദ്ധിപ്പിക്കലിനായി കെ.എസ്.ഡി.എം.എയ്ക്ക് തിരിച്ചു നൽകണമെന്നുമുള്ള നിർദ്ദേശം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി നിരസിച്ചതായി (2020 ജൂലൈ) അന്തിമ കൂടിക്കാഴ്ചയിൽ (2021 ജനുവരി) കേരള സർക്കാർ അറിയിച്ചു.

ദുരന്തസമയത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിന് സജ്ജമായ സമർപ്പിത സേനയാണ് 1962-ൽ സ്ഥാപിതമായ കേരള സർക്കാരിന് കീഴിലുള്ള ഫയർ ആന്റ് റെസ്ക്യൂ വകുപ്പ്. അതിനാൽ അക്കാദമിയിലെ ഉപകരണങ്ങളുടെ കുറവ്, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലെ പോരായ്മകൾ എന്നീ കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടത് ആവശ്യമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ദുരന്തനിവാരണ നിയമം, 2005 അനുസരിച്ച് കെ.എസ്.ഡി.എം.എയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ദുരന്ത നിവാരണത്തിന് ആവശ്യമായ വാർഷിക ഫണ്ടിനുള്ള പ്രൊപ്പോസൽ കെ.എസ്.ഡി.എം.എ കേരള സർക്കാരിന് സമർപ്പിക്കുന്നു. കെ.എസ്.ഡി.എം.എയുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ എഫ് ആന്റ് ആർ.എസ്.ഡിയ്ക്കുള്ള സ്ഥിരം ഫണ്ടും ആധുനിക രക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ₹25 കോടിയും അനുവദിച്ചിരുന്നെങ്കിലും[28] 2018-ലെ അഭൂതപൂർവ്വമായ പ്രളയത്തെ നേരിടാൻ പരിശോധന നടത്തിയ ഫയർ സ്റ്റേഷനുകളിലെ ഉപകരണങ്ങൾ പര്യാപ്തമായിരുന്നില്ലെന്ന് 2016-17 മുതലുള്ള കെ.എസ്.ഡി.എം.എയുടെ വാർഷിക പദ്ധതി രൂപീകരണത്തെ സംബന്ധിച്ചുള്ള രേഖകളുടെ വിശകലനത്തിൽ നിന്ന് വെളിപ്പെട്ടു. ഉദാഹരണത്തിന് 2018-ലെ പ്രളയത്തിൽ ഏറ്റവും ദുരിതമേൽക്കേണ്ടി വന്ന ചെങ്ങന്നൂരിലെ ഫയർ സ്റ്റേഷനിൽ റബ്ബർ ഡിങ്കി ബോട്ടുകളോ സ്പീഡ് ഫൈബർ ബോട്ടുകളോ സ്കൂബാസെറ്റുകളോ ഇല്ലായിരുന്നതിനാൽ തമിഴ് നാട്ടിലും ഒഡീഷയിലും നിന്നുള്ള റബ്ബർ ഡിങ്കി ബോട്ടുകളെ ആശ്രയിക്കേണ്ടി വന്നു. രാത്രികാല രക്ഷാ പ്രവർത്തനങ്ങൾക്കുള്ള ഹൈ ബീം ലൈറ്റുകൾ ലഭ്യമല്ലായിരുന്നു. പരിശോധന നടത്തിയ ജില്ലകളിൽ ഹാം റേഡിയോ പോലുള്ള ആശയവിനിമയ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിച്ചതായി കണ്ടില്ല.

അക്കാദമിയിലും സംസ്ഥാനമൊട്ടുക്കുമുള്ള ഫയർ സ്റ്റേഷനുകളിലും ഉപകരണങ്ങളുടെ ലഭ്യത അവലോകനം ചെയ്യുന്ന കാര്യത്തിൽ അടിയന്തരശ്രദ്ധ നൽകേണ്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

[28] 2009-10 നും 2012-13 നും ഇടയിൽ

***ശുപാർശ 2.6: ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലേയും ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേയും ഉപകരണങ്ങൾ, വാഹനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ പര്യാപ്തത അവലോകനം ചെയ്യുന്നതിന് മുൻഗണന നൽകേണ്ടതും അങ്ങനെ വെള്ളപ്പൊക്കമോ മറ്റേതെങ്കിലും ദുരന്ത സാഹചര്യങ്ങളോ കൈകാര്യം ചെയ്യാൻ സർക്കാരിന്റെ സമർപ്പിത സേനയെ വേണ്ടത്ര സജ്ജമാക്കേണ്ടതുമാണ്.***

## 2.7. ദുരന്ത നിവാരണത്തിനുള്ള വെർച്ച്വൽ കേഡറിന്റെ പ്രവർത്തനമില്ലായ്മ

സംസ്ഥാനത്ത് ദുരന്ത സാധ്യത കുറയ്ക്കുന്നതിന് ഊന്നൽ നൽകികൊണ്ട് കേരള സർക്കാർ അംഗീകരിച്ച (2016 സെപ്റ്റംബർ) കേരള സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ (കെ.എസ്.ഡി.എം.പി) ദുരന്ത നിവാരണത്തിനായി വെർച്ച്വൽ കേഡർ രൂപീകരണം വിഭാവനം ചെയ്തു. വെർച്ച്വൽ കേഡർ പ്രധാനമായും ഓരോ വകുപ്പിൽ നിന്നും തെരഞ്ഞെടുത്ത കുറഞ്ഞത് 20 വർഷമോ അതിൽ കൂടുതലോ സേവനം അവശേഷിക്കുന്ന 15 വ്യക്തികളായിരിക്കും (ഓരോ ജില്ലയിൽ നിന്ന് ഒരാളും സംസ്ഥാന തലത്തിൽ ഒരാളും). ഈ വെർച്ച്വൽ കേഡറിലെ അംഗങ്ങൾ ദുരന്ത നിവാരണത്തിൽ കെ.എസ്.ഡി.എം.എ, ഡി.ഡി.എം.എ എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഉത്തരവാദിത്തമുള്ള വകുപ്പുതല നോഡൽ ഓഫീസർമാരായിരിക്കും. ദുരന്തങ്ങളോട് ഏകോപിപ്പിച്ച പ്രതികരണം ഉറപ്പാക്കുന്നതിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട നോഡൽ വകുപ്പുകൾ വെർച്ച്വൽ കേഡർ വഴി, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ (എസ്.ഇ.ഒ.സി), ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ (ഡി.ഇ.ഒ.സി) എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് വിഭാവനം ചെയ്തിരുന്നു.

വെർച്ച്വൽ കേഡറിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ പേരുകൾ വകുപ്പുകൾ കെ.എസ്.ഡി.എം.എയെ അറിയിക്കണം. വെർചൽ കേഡറിലേയ്ക്കുള്ള തെരഞ്ഞെടുക്കൽ പട്ടിക സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി (എസ്.ഇ.സി) അംഗീകരിച്ചു കഴിഞ്ഞാൽ ഡി.എം ആക്റ്റ്, 2005-ലെ 16-ാം സെക്ഷൻ[29] പ്രകാരം വെർച്ച്വൽ കേഡറിനെ ഔപചാരികമാക്കി[30] സംസ്ഥാന സർക്കാർ ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കേണ്ടതാണ്. ഓഡിറ്റ് നിരീക്ഷിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

- 2016 സെപ്റ്റംബറിൽ കെ.എസ്.ഡി.എം.പി രൂപീകരിച്ചശേഷം 26 വകുപ്പ് തലവൻമാരോട് വെർച്ച്വൽ കേഡറിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ 2017 ഡിസംബർ 31-ന് മുൻപായി കെ.എസ്.ഡി.എം.എയ്ക്ക് സമർപ്പിക്കാൻ കേരള സർക്കാർ ഉത്തരവ് ഇറക്കി (2017 നവംബർ, 2018 ഫെബ്രുവരി[31]). എന്നാൽ എട്ട്[32] വകുപ്പുകൾ മാത്രമാണ് വെർച്ച്വൽ കേഡറിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗസ്ഥരുടെ ലിസ്റ്റ് (2017 നവംബറിനും 2018 മെയ്ക്കും ഇടയ്ക്ക്) നൽകിയത്. ഈ എട്ട് വകുപ്പുകളിൽ അഞ്ച്[33] വകുപ്പുകൾ നൽകിയ വിവരങ്ങൾ ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യത, ജോലിയിൽ പ്രവേശിച്ച സമയം, സർവ്വീസിൽ ശേഷിക്കുന്ന കാലാവധി തുടങ്ങിയ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയ മാനദണ്ഡങ്ങളുമായി

---

[29] സംസ്ഥാന അതോറിറ്റിയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി വിദഗ്ദ്ധ ഉപദേശകർ, ഉദ്യോഗസ്ഥർ തുടങ്ങി സംസ്ഥാന അതോറിറ്റിക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ സംസ്ഥാന സർക്കാർ നൽകേണ്ടതാണ്

[30] സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016-ന്റെ ഖണ്ഡിക 5.3

[31] ഒരു വകുപ്പിനെ കൂടി ഉൾപ്പെടുത്താനായി ഉത്തരവ് പുറപ്പെടുവിച്ചു.

[32] i) ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ii) പൊതുമരാമത്ത് കെട്ടിടങ്ങൾ iii) പഞ്ചായത്ത് ഡയറക്ടറേറ്റ് iv) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് v) ഖനന ഭൂവിജ്ഞാനീയ ഡയറക്ടറേറ്റ്, vi) ഭൂജല വകുപ്പ് ഡയറക്ടറേറ്റ്, vii) മണ്ണ് പര്യവേക്ഷണവും മണ്ണ് സംരക്ഷണവും ഡയറക്ടറേറ്റ്, viii) ചീഫ് എൻജിനീയർ ജലസേചനവും ഭരണവും

[33] i) പഞ്ചായത്ത് ഡയറക്ടറേറ്റ്, ii) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, iii) ഖനന ഭൂവിജ്ഞാനീയ ഡയറക്ടറേറ്റ്, iv) മണ്ണ് പര്യവേക്ഷണവും മണ്ണ് സംരക്ഷണവും ഡയറക്ടറേറ്റ്, v) ചീഫ് എൻജിനീയർ ജലസേചനവും ഭരണവും

പൊരുത്തപ്പെട്ടിരുന്നില്ല. തിരുത്തൽ ആവശ്യപ്പെട്ട് വകുപ്പുകളിലേക്ക് ഡേറ്റ മടക്കി നൽകിയെങ്കിലും വകുപ്പുകളിൽ നിന്ന് പ്രതികരണം ലഭിച്ചില്ല.

- ശേഷിക്കുന്ന മൂന്ന് വകുപ്പുകളിലെ തെരഞ്ഞെടുപ്പ് പട്ടിക അംഗീകരിക്കുന്നതിനായി കെ.എസ്.ഡി.എം.എ, എസ്.ഇ.സിയുമായി ചർച്ച നടത്തിയില്ല. തൽഫലമായി ദുരന്ത നിവാരണ നിയമം, 2005-ലെ സെക്ഷൻ 16 പ്രകാരം വെർച്ചൽ കേഡറിന് അംഗീകാരം നൽകുന്ന ഉത്തരവ് കേരള സർക്കാർ പുറപ്പെടുവിച്ചില്ല.

വേണ്ടത്ര ഫണ്ട് അനുവദിക്കാത്തതും സ്വമേധയാലുള്ളതും പ്രതിഫലം ലഭിക്കാത്തതുമായ സേവനത്തിൽ ചേരുന്നതിലെ ബുദ്ധിമുട്ടും ഈ പദ്ധതി നടപ്പാക്കുന്നതിലെ തടസ്സങ്ങളായി സർക്കാർ ചൂണ്ടിക്കാണിച്ചു (2020 നവംബർ). എട്ട് വകുപ്പുകളിൽ നിന്ന് 96 ഉദ്യോഗസ്ഥർക്ക് പ്രാരംഭഘട്ടത്തിൽ പരിശീലനം നൽകുകയും ഉൾപ്പെടുത്തുകയും ചെയ്തതായും ഫണ്ടുകളുടെ ലഭ്യതയ്ക്കും ഉദ്യോഗസ്ഥരുടെ സന്നദ്ധതയ്ക്കും വിധേയമായി കൂടുതൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി സർക്കാർ പ്രസ്താവിച്ചു.

മേൽപ്പറഞ്ഞ മൂന്ന് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പട്ടികകൾ എസ്.ഇ.സിയ്ക്ക് സമർപ്പിക്കാത്തതും കേഡർ നിയമവിധേയമാക്കുന്നതിനുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിക്കാത്തതും എന്തുകൊണ്ടാണെന്ന പ്രത്യേക ചോദ്യത്തിന്, കേഡറിന് അന്തിമരൂപം നൽകുന്നതിന് മുൻപ് വിവേകപൂർണ്ണമായ പരിശോധന ആവശ്യമാണെന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2021 ജനുവരി) മെമ്പർ സെക്രട്ടറി മറുപടി നൽകി.

കെ.എസ്.ഡി.എം.എ/ഡി.ഡി.എം.എയും, എസ്.ഇ.ഒ.സി/ഡി.ഇ.ഒ.സിയും തമ്മിലുള്ള ഫലപ്രദമായ ബന്ധത്തിലൂടെയും ഏകോപനത്തിലൂടെയും ദുരന്ത സാധ്യത കുറയ്ക്കുന്നതിൽ വെർച്ചൽ കേഡറിന്റെ പങ്ക് കണക്കിലെടുക്കുമ്പോൾ, എല്ലാ വകുപ്പുകളിലും വെർച്ചൽ കേഡർ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനം ശ്രദ്ധ നൽകേണ്ടത് അത്യാവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. സെലക്ഷൻ ലിസ്റ്റ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു കഴിഞ്ഞാൽ വെർച്ചൽ കേഡർ ഔപചാരികമാക്കികൊണ്ട് ഡി.എം. ആക്ട് 2005 സെക്ഷൻ 16 പ്രകാരം സംസ്ഥാന സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകയാൽ, ഒരു സെലക്ഷൻ ലിസ്റ്റിന് അംഗീകാരം ലഭിക്കാത്തത് ഫലത്തിൽ സംസ്ഥാനത്തിന്റെ ദുരന്ത നിവാരണ പദ്ധതിയിൽ ഇക്കാര്യം നടപ്പിലാക്കുന്നതിന് താരതമ്യേന കുറഞ്ഞ മുൻഗണന നൽകുന്നതിന്റെ പ്രതിഫലനമാണ്. കെ.എസ്.ഡി.എം.എ നിലവിൽ 27 മുഴുവൻ സമയ ജീവനക്കാർ മാത്രമായാണ് പ്രവർത്തിക്കുന്നത് [34] എന്നതിനാൽ ദുരന്ത സമയങ്ങളിൽ ഒരു വെർച്ചൽ കേഡറിന് വഹിക്കാനാകുന്ന പങ്ക് കുറച്ച് കാണാൻ കഴിയില്ല.

***ശുപാർശ 2.7: ദുരന്തസംഭവസമയങ്ങളിൽ ഏകോപിത പ്രതികരണം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ദുരന്ത നോഡൽ വകുപ്പുകൾക്ക് കേഡർ മുഖേന സംസ്ഥാന/ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററുകളുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ സംസ്ഥാനത്ത് വെർച്ചൽ കേഡർ നിയമ വിധേയമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.***

---

[34] 2019 മാർച്ചിലെ സ്ഥിതി